കേരള സർക്കാർ

.

# വേങ്ങൂർ ഗ്രാമപഞ്ചായത്ത്

# 2017-18

# ഓഡിറ്റ് റിപ്പോർട്ട്

.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
website:www.lfa.kerala.gov.in
e-mail:doekm.ksad@kerala.gov.in

.

(രജിസ്റ്റർ ചെയ്ത കൈപ്പറ്റുചീട്ടു സഹിതം)
നം.കെ.എസ്.എ.-ഇകെഎം(പി.2)161/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് ഓഫീസ്,എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്-682030
ഫോൺ-0484-2422271
email:-doekm.ksad@kerala.gov.in
തീയതി:15/03/2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ്,
വേങ്ങൂർ ഗ്രാമപഞ്ചായത്ത്
(സെക്രട്ടറി മുഖേന)

സർ,

വിഷയം:- വേങ്ങൂർ ഗ്രാമപഞ്ചായത്ത്-2017-18 സാമ്പത്തികവർഷത്തെ ഓഡിറ്റ് റിപ്പോർട്ട് – സംബന്ധിച്ച്
***********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വേങ്ങൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ

.

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ് :</u>
1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം
3)കാര്യാലയ പകർപ്പ്

.

നം.കെ.എസ്.എ.-ഇകെഎം(പി.2)161/2019

തീയതി:15/03/2019

എറണാകുളം ജില്ലയിലെ വേങ്ങൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

എറണാകുളം ജില്ലയിലെ വേങ്ങൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 01.04.2017 മുതൽ 31.03.2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 നം മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് അന്വേഷണക്കുറിപ്പുകൾക്ക് ലഭിച്ച മറുപടി പരിഗണിച്ചതിനു ശേഷം നിലനിൽക്കുന്ന പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെപേരും, ഉദ്യോഗപേരും | ജയ സി. ആർ.<br>ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 04-01-2019 മുതൽ<br>18-01-2019 വരെ | ശ്രീമതി ഷേർളി പീറ്റർ<br>ഓഡിറ്റ് ഓഫീസർ (ഹ ഗ്രേ) |
| | ശ്രീമതി ഷൈബി ഇ. ഡി.<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ നവാസ് സി.എം.<br>ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

1) പ്രസിഡന്റ്

| | | |
|---|---|---|
| 1 | എം.എം.ഷാജി | 1-4-2017 മുതൽ 31-3-2018വരെ |

2) സെക്രട്ടറി

| | | |
|---|---|---|
| 1 | ശ്രീ ബേബി പോൾ | 01/04/2017 മുതൽ 22/04/2017 വരെ |
| 2 | ശ്രീ മനോജ് എസ്<br>അസിസ്റ്റന്റ് സെക്രട്ടറി,<br>(സെക്രട്ടറി ഇൻ ചാർജ്ജ്) | 23/04/2017 മുതൽ 26/04/2017 വരെ |
| 3 | ശ്രീ സേതു കെ ആർ,<br>ഹെഡ് ക്ലർക്ക് | 27/04/2017 മുതൽ 15/05/2017 വരെ |

| | | |
|---|---|---|
| | (സെക്രട്ടറി ഇൻ ചാർജ്ജ്) | |
| 4 | ശ്രീ ബേബി പോൾ | 16/05/2017 മുതൽ 03/07/2017 വരെ |
| | ശ്രീ സുരേഷ് എൻ എ, അസിസ്റ്റന്റ് സെക്രട്ടറി, (സെക്രട്ടറി ഇൻ ചാർജ്ജ്) | 04/07/2017 മുതൽ 12/07/2017 FN വരെ |
| | ശ്രീ എൻ എം മോഹനൻ | 12/07/2017 AN മുതൽ 31/03/2018 വരെ |

3) മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ

| | | | |
|---|---|---|---|
| 1 | കൃഷി ഓഫീസർ | ശ്രീ.ഫിലിപ് ജി. കാണാട്ട് | 01-04-2017മുതൽ 31/3/18 വരെ |
| 2 | വെറ്ററിനറി സർജൻ | ശ്രീമതി ആശാലത ഇ എസ് | 01-04-2017 മുതൽ 31-03-2018വരെ |
| 3 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി സിജി | 01-04-2017 മുതൽ 31-03-2018 വരെ |
| 4 | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി.) | ഡോ.ഇ.സൈനബ | 01-04-2017 മുതൽ 31-03-2018 വരെ |
| 5 | മെഡിക്കൽ ഓഫീസർ (ആയുർവേദം). | ക്രിസ്റ്റി ജോസ് | 01-04-2017 മുതൽ 24-07-2017 FN വരെ |
| | | ഡോ.പി കെ ലത | 24-07-2017 AN മുതൽ 31-03-2018 വരെ |
| 6 | ഹെഡ്മാസ്റ്റർ | ശ്രീമതി.ആശാലത എം | 01-04-2017 മുതൽ 31-03-2018 വരെ |
| 7 | അസിസ്റ്റന്റ് എൻജിനീയർ | ശ്രീ എം. ബാലകൃഷ്ണൻ (ഇൻ ചാർജ്ജ്) | 01-04-2017 മുതൽ 17-04-2017വരെ |
| | | ശ്രീമതി അന്ന ബേബി | 18-04-2017 മുതൽ 07-10-2017 FN വരെ |
| | | ശ്രീ ജോർജ് ജോസഫ് | 07-10-2017 AN മുതൽ 08-11-2017FN വരെ |
| | | ശ്രീ ബാലകൃഷ്ണൻ | 08-11-2017 AN മുതൽ 05-01-2018 വരെ |
| | | ശ്രീമതി അമ്പിളി കെ കെ | 06-01-2018 മുതൽ 31-03-2018 വരെ |
| 8 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (കൊമ്പനാട്) | ശ്രീ മുകുൾ എസ്.വി | 01-04-2017 മുതൽ 31-03-2018 വരെ |
| | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (വേങ്ങൂർ) | ശ്രീ പ്രശോഭ് കെ പി | (01-04-2017 മുതൽ 31-05-2017 വരെ ഒഴിവ്) 01-06-2017 മുതൽ 31-03-2018 വരെ |
| 9 | ലേഡി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി അമ്പിളി.കെ.എം | 01-04-2017 മുതൽ 31-03-2018 വരെ |
| 10 | അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ എസ്. മനോജ് | 01-04-2017 മുതൽ 26-04-2017 വരെ |
| | | ശ്രീ സേതു കെ ആർ, ഹെഡ് ക്ലർക്ക് | 27-04-2017 മുതൽ 18-06-2017 വരെ |
| | | ശ്രീ സുരേഷ് എസ് | 19-06-2017 മുതൽ 31-03-2018വരെ |
| 11 | ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ ഫ്രാൻസിസ് ജോൺ | 01-04-2017 മുതൽ 09-08-2017 FN വരെ |
| | | ശ്രീ ബിന്ധ്യ കെ എസ് | 09-08-2017 AN മുതൽ 31-03-2018 വരെ |

ഉള്ളടക്കം

| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം (R&P പ്രകാരം) | 1-4 |
| 5 | ഫണ്ട് വിനിയോഗം (ACR പ്രകാരം) | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 |
| 13 | ഓഡിറ്റ് ഇംപാക്ട് | 1-13 |
| | ഭാഗം 2 | |
| 14 | വസ്തു നികുതി നിർണ്ണയം – അപാകതകൾ | 2-1 |
| 15 | ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 2-2 |
| 16 | ജീവനക്കാരുടെ/സ്ഥാപനത്തിന്റെ തൊഴിൽ നികുതി ഈടാക്കിയില്ല | 2-3 |
| 17 | തൊഴിൽ നികുതി ഈടാക്കുന്നതിൽ അപാകത | 2-4 |
| | ഭാഗം 3 | |
| 18 | ആശ്രയ പദ്ധതി നിർവ്വഹണം – അപാകതകൾ | 3-1 |
| 19 | പട്ടികജാതി വിദ്യാർത്ഥികൽക്ക് ലാപ് ടോപ്പ് വിതരണം – അപാകതകൾ | 3-2 |
| 20 | മെറിറ്റോറിയസ് ആയ പട്ടികജാതി വിദ്യാർത്ഥികൾക്ക് ധനസഹായം – അനർഹർക്ക് നൽകി. | 3-3 |
| 21 | ഗാർഹിക ബയോഗ്യാസ് പ്ളാന്റ് – അപാകതകൾ | 3-4 |
| 22 | പ്രത്യേക കന്നുകുട്ടി പരിപാലനം – വിനിയോഗ രേഖകൾ ഹാജരാക്കിയില്ല | 3-5 |
| 23 | വീട് വാസയോഗ്യമാക്കൽ – കുറഞ്ഞ തുക അനുവദിക്കുന്നത് | 3-6 |
| 24 | വിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. | 3-7 |

| | | |
|---|---|---|
| 25 | റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കിയിട്ടില്ല. | 3-8 |
| 26 | സ്കോളർഷിപ്പ്-ആനുകൂല്യം മുഴുവൻ നൽകുന്നില്ല | 3-9 |
| 27 | തുടർ സാക്ഷരതാപ്രവർത്തനങ്ങൾ-രേഖകൾ സൂക്ഷിക്കുന്നില്ല | 3-10 |
| 28 | ആദായ നികുതി ഈടാക്കിയില്ല | 3-11 |
| 29 | പദ്ധതി നിർവ്വഹണവും സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പ്രവർത്തനവും | 3-12 |
| 30 | ആസൂത്രണ സമിതി, വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനാവലോകനം | 3-13 |
| 31 | അസി.സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ -അപാകതകൾ | 3-14 |
| 32 | കുടുംബശ്രീകൾക്ക് റിവോൾവിംഗ് ഫണ്ട് - മാർഗ്ഗരേഖക്ക് വിരുദ്ധം | 3-15 |
| | ഭാഗം 4 | |
| 33 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 34 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 35 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 36 | വായ്പ തിരിച്ചടവിന്റെ വിവരം | 4-4 |
| 37 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 38 | ഓഡിറ്റ് റിക്കവറി | 4-6 |
| 39 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 40 | ചാർജ്ജ് സർച്ചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 41 | ഓഡിറ്റ് പ്രത്യവലോകനം- | 4-9 |
| 42 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| 43 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 |
| 44 | ബാലൻസ് ഷീറ്റ്,<br>റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ്,<br>ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം-2 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

.2017-18 ലേക്കുള്ള ബജറ്റും 2016-17 ലെ പുതുക്കിയ ബജറ്റും 24.03.2017തീയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യ പത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2017-18 | 31.07.2018 | 23.05.2018 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 29.6.2018 & 30.6.2018 | KSA-EKM(PG)1786 (81)/18 /30.08.2018 |

(ഓഡിറ്റ് സർട്ടിഫിക്കറ്റ്, ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ബാലൻസ് ഷീറ്റ്, ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്, റസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 6407802 |
| വരവ് | 95249592 |
| ആകെ | 101657394 |
| ചെലവ് | 95685646 |
| നീക്കിയിരിപ്പ് | 5971748 |

## 1-5 ഫണ്ട് വിനിയോഗം

ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻ ബാക്കി | വരവ് തുക | ആകെ | ചെലവ് തുക | നീക്കി ബാക്കി (RP40B) | ചെലവഴിക്കാതെ പോയ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 24023000 | 24023000 | 21513513 | 0 | 2509487 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 5801778 | 5801778 | 4540130 | 0 | 1261648 |
| വികസന | 0 | 770687 | 770687 | 462032 | 0 | 308655 |

| | | | | | | |
|---|---|---|---|---|---|---|
| ഫണ്ട് (ടി. എസ്. പി) | | | | | | |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 23459245 | 23459245 | 21582984 | 0 | 1876261 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 6063546 | 6063546 | 5212314 | 0 | 851232 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 0 | 12759169 | 12759169 | 11502066 | 0 | 1257103 |
| കെ. എൽ. എസ്. ജി. ഡി. പി | 0 | 4795133 | 4795133 | 4319374 | 0 | 475759 |
| എം.ജി.എൻ ആർ.ഇ. ജി.എസ്. | 8862 | 825835 | 825835 | 822850 | 11847 | |
| എം.എൻ ആർ. ജി.എസ്. (EFMS). | 0 | 21414807 | 21414807 | 21414807 | 0 | 0 |
| ട്രഷറി ടി. എസ്. ബി. ജോയിന്റ് വെഞ്ചർ SBT പെരുമ്പാവൂർ- ജനകീയഭവനം. | 275536 | 0 | 275536 | 0 | 275536 | |
| BOI-ടോട്ടൽ സാനിറ്റേഷൻ | 12331 | 0 | 12331 | 0 | 12331 | |
| ജനറൽ പർപ്പസ് ഗ്രാന്റ് (ട്രഷറി) | 4544904 | 9117461 | 95724365 | 13011135 | 651230 | |
| ജനറൽ പർപ്പസ് ഗ്രാന്റ് (ബാങ്ക്) | 1286310 | 12058900 | 13345210 | 8752738 | 4592472 | |
| എസ് സി ബി ലൈഫ് | 0 | 251170 | 251170 | 180000 | 71170 | |
| ബഡ്സ് സ്കൂൾ | 279859 | 413777 | 693636 | 418984 | 274652 | |

## 1-6 <u>പദ്ധതി അവലോകനം</u>

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്. (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത്. (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്. | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | | (എണ്ണം) | | % |
| 205 | 11,15,83,897 | 162 | 71866963 | 0 | 43 | 79% |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നി രുപ്പ് | വരവ് | ആകെ | ചെലവ് | നീക്കി യിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 8862 | 756000 | 764862 | 753015 | 11847 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | | 21182550 | 21182550 | 21182550 | 0 |
| ആകെ | 8862 | 21938550 | 21947412 | 21935565 | 11847 |

## 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 30480 | 30 |
| കർഷകതൊഴിലാളി പെൻഷൻ | 13783100 | 1030 |
| വിധവാപെൻഷൻ | 8249500 | 680 |
| വാർദ്ധക്യകാല പെൻഷൻ | 14472100 | 1112 |
| ശാരീരികവും മാനസികവുമായി വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 3317500 | 260 |
| അവിവാഹിതരായ 50 വയസ്സിനു മുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | 533500 | 47 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധന സഹായം | 240000 | 10 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 07.01.2019 -ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ നീക്കിയിരിപ്പായ 14334/- രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1.തപാലുകളുടെ തീർപ്പാക്കൽ വിവരങ്ങൾ നിരീക്ഷിക്കുന്നതിനായി അതാത് സെക്ഷനുകൾ സൂക്ഷിക്കേണ്ട പേഴ്സണൽ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. പ്രസ്തുത രജിസ്റ്റർ സൂചികയിലും തയ്യാറാക്കുന്നില്ല.

2. ഭരണ സമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

3. ആസ്തി രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല.

4.കാലഹരണപ്പെട്ടതും പ്രവർത്തന രഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കയ്യൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. തന്മൂലം ഗ്രാമപഞ്ചായത്തിലെ ആസ്തികളുടെ കൃത്യമായ കണക്ക് വിവരം ലഭ്യമാകുന്നില്ല.

5. റോഡ് കണക്റ്റിവിറ്റി പ്ലാൻ, സോഷ്യൽ മാപ്പ് തയ്യാറാക്കിയിട്ടില്ല

6.ഗ്രാമപഞ്ചായത്തിൽ ശക്തമായ പാസ് വേർഡ് പ്രൊട്ടക്ഷൻ പോളിസി ഇല്ല. പഞ്ചായത്ത് ഡയറക്ടറുടെ 10.11.2017ലെ സി7/37287/17നമ്പർ സർക്കുലർ പ്രകാരം ഓരോ ജീവനക്കാരന്റെയും ഉത്തരവാദിത്തം അനുസരിച്ച് നല്കപ്പെടുന്ന പാസ് വേർഡുകൾ അതാത് ജീവനക്കാർ തന്നെ കൈകാര്യം ചെയ്യേണ്ടതും മൂന്ന് മാസത്തെ ഇടവേളകളിൽ പാസ് വേർഡ് മാറ്റേണ്ടതുമാണ്. ആയതിന്റെയും ഡോക്യുമന്റേഷൻ (പാസ് വേർഡ് വ്യക്തമാകാത്ത രീതിയിൽ) ചെയ്യുന്നത് നന്നായിരിക്കും. കാഷ് ചെസ്റ്റിന്റെ താക്കോലുകളിൽ ഒരെണ്ണം അക്കൗണ്ടന്റിന്റെ പക്കലും ഒരെണ്ണം ക്ലർക്കിന്റെ പക്കലും സൂക്ഷിക്കണം എന്ന മേൽ സർക്കുലറിലെ നിർദ്ദേശവും കൃത്യമായി പാലിക്കേണ്ടതാണ്..

. മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 13.12.2018 | 01.11.2018 മുതൽ 30.11.2018 വരെ | 14.12.2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 07.01.2014-22.01.2014 | 2006-2007മുതൽ 2012-2013 വരെ | 26.02.2014 |

## 1-12 വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ

. ഖണ്ഡിക 1-3 ൽ പരാമർശിച്ച സർട്ടിഫിക്കറ്റിലെ ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ പൂർണ്ണമായി അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷികക്കണക്കുമായി പൊരുത്തപ്പെടുത്തിയിട്ടില്ല എന്ന അപാകത നിലവിൽ പരിഹരിച്ചിട്ടുണ്ട്.

## 1-13 ഓഡിറ്റ് ഇംപാക്ട്

. ഗ്രാമ പഞ്ചായത്തിലെ പയ്യാലിൽ പ്രവർത്തിക്കുന്ന ബിവറേജസ് കോർപ്പറേഷനിലെ ജീവനക്കാരുടെ തൊഴിൽ നികുതി പിരിക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (നം. 7) അടിസ്ഥാനത്തിൽ 16-01-2019 ലെ 118050102696 പ്രകാരം 6250/-രൂപ പഞ്ചായത്തിൽ അടച്ചിട്ടുണ്ട്.

# ഭാഗം-2

## വരവ്വ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തു നികുതി നിർണ്ണയം - അപാകതകൾ

2017-18 വർഷം ഗ്രാമപഞ്ചായത്തിലെ 3-ാം വാർഡിൽ വാണിജ്യാവശ്യത്തിനുള്ള കടമുറികൾ വസ്തു നികുതി നിർണ്ണയം നടത്തിയതിൽ അപാകതയുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

1. ശ്രീ. മാർട്ടിൻ, കണ്ണാടൻ (H), കൊമ്പനാട്, പാണിയേലി എന്നയാളുടെ ഉടമസ്ഥതയിലുള്ള നം. III/12-C, III/12-D, എന്നീ കെട്ടിടങ്ങൾക്ക് വസ്തു നികുതി 100 ച.മീ. ൽ താഴെയുള്ള കെട്ടിടത്തിന്റെ ഗണത്തിൽപ്പെടുത്തി ച.മീ.ന് 50/-രൂപ നിരക്കിൽ ആണ് നിർണ്ണയിച്ചിരിക്കുന്നത്. III/12 E എന്ന കെട്ടിടത്തിന് 100 ച.മീ.ന് മുകളിലുള്ള കെട്ടിടത്തിന്റെ ഗണത്തിൽപെടുത്തി 60/- രൂപ നിരക്കിലാണ് വസ്തു നികുതി നിർണ്ണയിച്ചത്. മേൽ വിവരിച്ച പ്രകാരം റൂമുകൾ തിരിച്ച് തറ വിസ്തീർണ്ണത്തിൽ സ്ലാബ് മാറ്റി രേഖപ്പെടുത്തിയത് കാരണമായി നികുതി പിരിച്ചതിൽ കുറവുണ്ട്.

| ക്രമ. നം | വാർഡ്/ കെട്ടിട നം./ വിസ്തീർണ്ണം | കെട്ടിട ഉടമയുടെ പേര്. | കെട്ടിടത്തിന്റെ ഉപയോഗം | നിർണ്ണയിച്ച നികുതി (ഇളവ്, വർദ്ധനവ് ഉൾപ്പെടെ) | നിർണ്ണയിക്കേണ്ട നികുതി | കുറവ് |
|---|---|---|---|---|---|---|
| 1 | III/12-C/21.99 | ശ്രീ. മാർട്ടിൻ, കണ്ണാടൻ (H), കൊമ്പനാട്, പാണിയേലി | വാണിജ്യം | 990 | 1187 | 197 |
| 2 | III/12-C/15.39 | ശ്രീ. മാർട്ടിൻ, കണ്ണാടൻ (H), കൊമ്പനാട്, പാണിയേലി | വാണിജ്യം | 693 | 831 | 138 |
| ആകെ | | | | | | 335 |

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും)ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4ാം ചട്ടം 1ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും വെവ്വേറെ വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പിലും ഈ വിഷയം വ്യക്തമാക്കിയിട്ടുണ്ട്. ഇതു പ്രകാരം ഒരു കെട്ടിട

ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണ്ണയം നടത്തേണ്ടതാണ്. മേൽ കെട്ടിടങ്ങൾക്ക് ആകെയുള്ള തറ വിസ്തീർണ്ണം 100 ച.മീ.ൽ കൂടുതലാണ്. ആയതിനാൽ വസ്തു നികുതി ഇപ്രകാരം നിർണ്ണയിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 11 ന് ലഭ്യമാക്കിയ മറുപടിയിൽ വസ്തു നികുതി പുനർനിർണ്ണയം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചതായി അറിയിച്ചിട്ടുണ്ട്. ശരിയായ നിരക്കിൽ വസ്തു നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-2 ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത്

ഗ്രാമപഞ്ചായത്തിലെ ലൈസൻസ് സംബന്ധിച്ച രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമ പഞ്ചായത്ത് പരിധിയിൽ 211 സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിയിട്ടുള്ളതായി കണ്ടു.

1. ഗ്രാമപഞ്ചായത്ത് പരിധിയിൽ വ്യവസായ ആവശ്യത്തിനുള്ള കൈത്തറി ഷെഡ്, കയർ പിരിഷെഡ് എന്ന ഇനത്തിൽ ആകെ 180 സ്ഥാപനങ്ങൾക്ക് സഞ്ചയ പ്രകാരം നമ്പർ നൽകി വസ്തു നികുതി പിരിക്കുന്നുണ്ട്. കോഴി വളർത്തൽ ഈ ഗണത്തിൽ ആണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ലൈസൻസ് രജിസ്റ്റർ പ്രകാരം 2 കോഴി വളർത്തൽ ഷെഡുകൾക്ക് മാത്രമാണ് ലൈസൻസ് നൽകിയിട്ടുള്ളത്. ലൈസൻസ് നൽകിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഉടമയുടെ പേര് | രജിസ്റ്റർ പേജ് |
|---|---|---|
| 1 | ആന്റോ പോൾ, ഇഞ്ചിപ്പറമ്പൻ വീട് | 5 |
| 2 | ബോബി.എം.ബാബു | 9 |

സഞ്ചയ പ്രകാരം ഗ്രാമ പഞ്ചായത്ത് വാർഡ് 1 ലെ വിവരങ്ങൾ പരിശോധിച്ചതിൽ 11പൗൾട്രി ഫാം/കോഴി വളർത്തൽ ഷെഡിന് (പൗൾട്രി ഫാം - 10/ലൈവ് സ്റ്റോക്ക് -1)നമ്പർ നൽകിയിട്ടുണ്ട്. എന്നാൽ ലൈസൻസ് രേഖകൾ പ്രകാരം മേൽ സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിയിട്ടില്ല. ഇപ്രകാരം ഒരു വാർഡിൽ തന്നെ ലൈസൻസ് ഇല്ലാതെ 11 സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായി കണ്ടു. ഓഡിറ്റ് എൻക്വയറി നം. 5 ന് ലഭ്യമാക്കിയ മറുപടിയിൽ 2018-19 വർഷം 11 പൌൾട്രി ഫാമുകൾക്ക് ലൈസൻസ് നൽകിയിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. ആകെ 15 വാർഡുകൾ ഉള്ള ഗ്രാമ പഞ്ചായത്തിൽ ഇപ്രകാരം ധാരാളം സ്ഥാപനങ്ങൾ പ്രവർത്തിക്കാൻ സാദ്ധ്യതയുള്ളതിനാൽ ഈ വിഷയത്തിൽ സെക്രട്ടറി വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.
കൊമ്പനാട്, വേങ്ങൂർ, മേക്കപ്പാല, ഓടക്കാലി കവല, നെടുങ്ങപ്ര തുടങ്ങിയ ജംങ്ഷനുകൾ ഗ്രാമ പഞ്ചായത്ത് പരിധിയിൽ ഉണ്ട്. ധാരാളം കച്ചവട സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന മേൽ ജംങ്ഷനുകളിൽ തന്നെ നിരവധി സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകാനുണ്ട്.ഈ വിഷയത്തിൽ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. ഗ്രാമ പഞ്ചായത്തിൽ അസംബ്ലി കെട്ടിടം, ഓഡിറ്റോറിയം ഇനത്തിൽ 22 സ്ഥാപനങ്ങൾക്ക് കെട്ടിട നമ്പർ നൽകി നികുതി നിർണ്ണയം നടത്തിയിട്ടുണ്ട്. എന്നാൽ ഈ ഗണത്തിൽ പെട്ട സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിയിട്ടില്ല.ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം.5)ലഭ്യമാക്കിയ മറുപടിയിൽ 22 കെട്ടിടങ്ങളിൽ 2 എണ്ണം ഓഡിറ്റോറിയം ആണെന്നും (7,11 വാർഡുകൾ)അവയുടെ ലൈസൻസ് എടുപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും ബാക്കിയുള്ളവ ഒഴിഞ്ഞു കിടക്കുന്ന ലോഡ്ജ് ആണെന്നും അറിയിച്ചിട്ടുണ്ട്.ഗ്രാമ പഞ്ചായത്ത് പരിധിയിൽ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ സംബന്ധിച്ച വിവര ശേഖരണം നടത്തി ആയവയ്ക്കെതിരെ നടപടി സ്വീകരിക്കേണ്ടതാണ്.

## 2-3 ജീവനക്കാരുടെ/സ്ഥാപനത്തിന്റെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1. വേങ്ങൂർ മാവേലി സ്റ്റോർ, ദി.ക്വയറ്റ് റിസോർട്ട് എന്നീ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി പിരിച്ചിട്ടില്ല.

2.ഡയറി എക്സ്റ്റൻഷൻ ഓഫീസറുടെ റിപ്പോർട്ട് പ്രകാരം ഗ്രാമ പഞ്ചായത്ത് പരിധിയിൽ ആകെ 7 പാൽ സൊസൈറ്റികൾ പ്രവർത്തിക്കുന്നുണ്ട്. ഇവയുടെ സ്ഥാപന തൊഴിൽ നികുതി പിരിച്ചിട്ടില്ല.

3.എൽ.എസ്.ജി.ഡി. അസി.എഞ്ചിനീയറുടെ റിപ്പോർട്ട് പ്രകാരം 29 കരാറുകാർ ഗ്രാമ പഞ്ചായത്തിൽ വിവിധ കരാർ ജോലികൾ ചെയ്യുന്നതായി അറിയിച്ചിട്ടുണ്ട്. എന്നാൽ ഇവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

4. ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഓഡിറ്റോറിയങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204(1)പ്രകാരം നിർണ്ണയിക്കപ്പെടാവുന്ന ചട്ടങ്ങൾക്ക് വിധേയമായി തൊഴിൽ നികുതി ഓരോ ഗ്രാമ പഞ്ചായത്ത് പ്രദേശത്തും ഓരോ അർദ്ധ വർഷവും – ആ പഞ്ചായത്ത് പ്രദേശത്ത് ആ അർദ്ധ വർഷത്തിൽ മൊത്തം 60 ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന ഓരോ കമ്പനിയുടേയും ആകെ കൂടി 60 ദിവസത്തിൽ കുറയാതെ ആ പഞ്ചായത്ത പ്രദേശത്ത് താമസിച്ച് കൊണ്ട് അതിനു വെളിയിലോ ഒരു തൊഴിലിലോ, കലയിലോ, ജോലിയിലോ, ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ് നടത്തുകയോ പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ അഥവാ ആകെ കൂടി 60 ദിവസത്തിൽ കുറയാതെ ആ പഞ്ചായത്ത് പ്രദേശത്ത് താമസിക്കുകയും മുതൽ മുടക്കിൽ നിന്ന് എന്തെങ്കിലും ആദായം ലഭിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നവനോ ആയ ഏതൊരാളുടേയും മേൽ ചുമത്തേണ്ടതാകുന്നു.

ഇപ്രകാരം ഗ്രാമ പഞ്ചായത്ത് പരിധിയിലെ സ്ഥാപനങ്ങളിൽ നിന്നും(സർക്കാർ സ്ഥാപനങ്ങൾ ഉൾപ്പെടെ) തൊഴിൽ നികുതി പൂർണ്ണമായും ഈടാക്കുന്നതിൽ 2017-18 വർഷത്തിൽ ഗ്രാമ പഞ്ചായത്തിന്റെ ഭാഗത്ത് വ്യക്തമായ വീഴ്ച ഉണ്ട്.

മേൽ വിവരിച്ചവയുള്ള വിശദീകരണം ഓഡിറ്റ് മുമ്പാകെ ഹാജരാക്കുന്നതിന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 7 ന് നൽകിയ മറുപടിയിൽ തൊഴിൽ നികുതി പിരിക്കാത്ത സ്ഥാപനങ്ങൾക്ക് തൊഴിൽ നികുതി അടയ്ക്കുന്നതിന് നോട്ടീസ് നൽകുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വരുമാനം വളരെ കുറഞ്ഞ ഗ്രാമ പഞ്ചായത്തിൽ പ്രധാന വരുമാന മാർഗ്ഗങ്ങളിൽ ഒന്നായ തൊഴിൽ നികുതി കാര്യക്ഷമമായി പിരിക്കുന്നതിന് നിലവിലുള്ള സെക്രട്ടറിയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും നടപടി സ്വീകരിക്കേണ്ടതാണ്.

## 2-4 തൊഴിൽ നികുതി ഈടാക്കുന്നതിൽ അപാകത

. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി കാര്യക്ഷമമായി പിരിക്കുന്നതിൽ അപാകതയുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

1. വേങ്ങൂർ ടൗണിൽ സ്ഥിതി ചെയ്യുന്ന മാർകൗമ ഇംഗ്ളീഷ് മീഡിയം സ്കൂളിലെ ജീവനക്കാരുടെ തൊഴിൽ നികുതി പിരിച്ചതായി രേഖകളിൽ ഇല്ല.

2. ഡി&ഒ ലൈസൻസ് രജിസ്റ്റർ പ്രകാരം (പേജ് 16 – ലൈസൻസ് നം. 97,98 ) നെടുങ്ങപ്ര സർവ്വീസ് സഹകരണ ബാങ്കിന്റെ വളം , കീടനാശിനി വിൽപ്പനയ്ക്കായി രണ്ട് ഷോപ്പുകൾക്ക് ലൈസൻസ് നൽകിയിട്ടുണ്ട്. ലൈസൻസ് രജിസ്റ്റർ പേജ് 22 ൽ ക്രാരിയേലി സർവ്വീസ് സഹകരണ ബാങ്കിന്റെ വളം കീടനാശിനി വിൽപ്പന നടത്തുന്നതിനായി 4 ഷോപ്പുകൾക്ക് ലൈസൻസ് നൽകിയിട്ടുണ്ട്. (ലൈസൻസ് നം. 132,133,134,135). തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം (പേജ് 64) നെടുങ്ങപ്ര സർവ്വീസ് സഹകരണ ബാങ്കിന്റെ ജീവനക്കാരുടെ തൊഴിൽ നികുതി പിരിച്ചതിന്റെ വിവരം രേഖപ്പെടുത്തിയിട്ടുണ്ട്. പേജ് 69 ൽ ക്രാരിയേലി സർവ്വീസ് സഹകരണ ബാങ്കിലെ ജീവനക്കാരുടെ തൊഴിൽ നികുതി പിരിച്ച വിവരവും രേഖപ്പെടുത്തിയിട്ടുണ്ട്. മേൽ വിവരിച്ച വളം ,കീടനാശിനി വിൽപ്പന നടത്തുന്നതിന്റെ ജീവനക്കാരുടെ തൊഴിൽ നികുതി (സെയിൽസ്മാൻ/ മാനേജർ) പിരിച്ചതായി രേഖകളിൽ ഇല്ല.ക്രാരിയേലി സർവ്വീസ് സഹകരണ ബാങ്കിന്റെ സ്ഥാപന തൊഴിൽ നികുതിയും പിരിച്ചിട്ടില്ല. (തൊഴിൽ നികുതി രജിസ്റ്റർ പേജ് - 69)

3. ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ഒരു അർദ്ധവർഷ നികുതി മാത്രമാണ് പിരിച്ചിട്ടുള്ളത്.

| ക്രമ നം | സ്ഥാപനം /ജീവനക്കാരുടെ എണ്ണം | തൊഴിൽ നികുതി പിരിച്ച അർദ്ധവർഷം/തുക | പിരിക്കാത്ത അർദ്ധ വർഷം | തൊഴിൽ നികുതി രജിസ്റ്റർ പേജ് | കുറിപ്പുകൾ |
|---|---|---|---|---|---|
| 1 | ശക്തിമാൻ എക്സ്ട്രൂഷൻസ് പ്രൈവറ്റ് ലി./78 | രണ്ടാം അർദ്ധവർഷം/ 45490/- | ഒന്നാം അർദ്ധ വർഷം | 61,62,63, 65,76 | |
| 2 | വിക്ടറി ഓട്ടോ വർക് ഷോപ്പ് /2 | രണ്ടാം അർദ്ധവർഷം/ 240 | ഒന്നാം അർദ്ധ വർഷം | 64 | |
| 3 | ആലുവ-കുന്നത്തുനാട് Co-operative Rubber Marketing Society,Vengoor./1 | രണ്ടാം അർദ്ധവർഷം/1250 | ഒന്നാം അർദ്ധ വർഷം | 77/ | (സ്ഥാപന തൊഴിൽ നികുതി പിരിച്ചിട്ടില്ല.) |
| 4. | സാന്തോം പബ്ളിക് സ്കൂൾ, വേങ്ങൂർ /31 | രണ്ടാം അർദ്ധവർഷം/ 15950/- | ഒന്നാം അർദ്ധ വർഷം | 80 | |
| 5 | ഉറുമ്പത്ത് ഗ്രാനൈറ്റ്/10 | രണ്ടാം അർദ്ധവർഷം/ 12500 | ഒന്നാം അർദ്ധ വർഷം | | |

4. തൊഴിൽ നികുതി ഡി.സി.ബി. പരിശോധിച്ചതിൽ മുൻ വർഷത്തിലെ കുടിശ്ശികയായി 7200/-രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. ആയത് 2017-18 വർഷവും പിരിച്ചിട്ടില്ല.

മേൽ വിവരിച്ചവയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 8 ന് ലഭ്യമാക്കിയ മറുപടിയിൽ തൊഴിൽ നികുതി അടക്കേണ്ടതായ സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകിയതായി അറിയിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിന്റെ പരിസരത്ത് സ്ഥിതി ചെയ്യുന്ന സ്കൂളിൽ

നിന്ന് പോലും തൊഴിൽ നികുതി ഈടാക്കാത്തത് ഗുരുതരമായ വരുമാന ചോർച്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ആയതിനാൽ 2017-18 വർഷം മേൽ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി പിരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ആശ്രയ പദ്ധതി നിർവ്വഹണം - അപാകതകൾ

ആശ്രയ പദ്ധതി നിർവ്വഹണം നടത്തിയതിൽ അപാകതയുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം. | SO58/17-18 (സ്പിൽ ഓവർ) |
| പ്രോജക്ട് പേര് | ആശ്രയ പദ്ധതി പ്രകാരം മരുന്നും ഭക്ഷണവും ലഭ്യമാക്കൽ |
| നിർവ്വഹണം | അസി.സെക്രട്ടറി |
| അടങ്കൽ | 200000(പ്ളാൻ ഫണ്ട്) |
| ചെലവ് | 200000 |
| ബിൽ നം. | 15/17-18, 30-01-2018 |

1. മേൽ പ്രോജക്ട് പ്രകാരം കുടുംബശ്രീ CDS ആശ്രയക്ക് 200000 രൂപ നൽകിയിട്ടുണ്ട്. (ബാങ്ക് അക്കൗണ്ട് നം. ഫെഡറൽ ബാങ്ക് - 1062010095978). പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ 24-03-2016 മുതൽ 03-09-2016 വരെയുള്ള മരുന്ന്/ഭക്ഷണ സാധനങ്ങൾ വാങ്ങിയതിന്റെ ബിൽ തുക മാറുന്നതിനാണ് പ്ളാൻ ഫണ്ട് ചെലവഴിച്ചിരിക്കുന്നത്. 2017-18 വർഷത്തെ പ്രോജക്ടിൽ 2015-16 വർഷത്തെ ഉൾപ്പെടെയുള്ള ബില്ലുകൾ ആണ് മാറിയിരിക്കുന്നത് ഇപ്രകാരം മുൻ വർഷങ്ങളിലെ ചെലവുകളുടെ ബില്ലുകൾ 2017-18 വർഷം ചെലവായി കാണിച്ച് തുക മാറുന്നതിന് ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനം/സർക്കാർ സാധൂകരണം ഇല്ല.

2016-17 വർഷം ആശ്രയ പ്രോജക്ട് ഉണ്ടായിരിക്കുകയും എന്നാൽ ആശ്രയക്ക് വേണ്ടി ചെലവഴിച്ച തുകകൾ തൻ വർഷം ചെലവാക്കാതെ 2017-18 ലേക്ക് Spill Over ആയി പ്രോജക്ട് വയ്ക്കുകയുമാണ് ചെയ്തിരിക്കുന്നത്. 2017-18 വർഷം ആശ്രയക്ക് തൻവർഷ പ്രോജക്ട് (SO33/17-18)പ്രകാരം 200000 രൂപ ചെലവഴിച്ചിട്ടുണ്ട്.

2.ആശ്രയ പദ്ധതിയുടെ പുരോഗതി വിലയിരുത്താൻ ഒരു ഉപസമിതി രൂപീകരിക്കുവാനും ഓരോ രണ്ട് മാസത്തിലും പുരോഗതി റിപ്പോർട്ട് തയ്യാറാക്കി ഭരണ സമിതിക്ക് നൽകേണ്ടതുമാണ് എന്ന് വ്യവസ്ഥയുണ്ട്. എന്നാൽ ഈ ദിശയിലുള്ള യാതൊരു പ്രവർത്തനങ്ങളും നടക്കുന്നില്ല.

മേൽ വിവരിച്ച വിവരങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എന്ക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ മേൽ അപാകതകൾ പാലിച്ചുകൊള്ളാം എന്ന് അറിയിച്ചിട്ടുണ്ട്. ജി.ഒ. (എം.എസ്)നം.72/2017 ത.സ്വ.ഭ.വ., തിരുവനന്തപുരം 29-03-2017 പ്രകാരമുള്ള ഗ്രാമ, ബ്ളോക്ക്, ജില്ലാ പഞ്ചായത്തുകൾ പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ ആദ്യ വാർഷിക പദ്ധതി (2017-18) തയ്യാറാക്കൽ – മാർഗ്ഗ നിർദേശങ്ങളിലെ അനുബന്ധം 4 ൽ അഗതി കുടുംബങ്ങൾക്ക് ആശ്രയ പ്രോജക്ട് സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ പറഞ്ഞിട്ടുണ്ട്. ആയതിന്റെ ഖണ്ഡിക 3-2 (ഭക്ഷണം) ഉപഖണ്ഡിക 2 പ്രകാരം പെൻഷനോ മറ്റ് യാതൊരു വരുമാന മാർഗ്ഗമോ ഇല്ലാത്ത .കൊടിയ ദാരിദ്രം അനുഭവിക്കുന്ന അഗതി കുടുംബങ്ങൾക്ക്

അന്ത്യോദയ അന്ന യോജന പദ്ധതി പ്രകാരം ഭക്ഷ്യധാന്യം വിതരണം ചെയ്യണം. ഭക്ഷ്യധാന്യത്തിന്റെ വില ഗ്രാമ പഞ്ചായത്തിന് നൽകുന്ന കുടുംബശ്രീ അഗതി പുനരധിവാസ ഫണ്ടിൽ നിന്നും കുടുംബങ്ങളുടെ റേഷൻ കാർഡ് രജിസ്റ്റർ ചെയ്തിട്ടുള്ള പൊതുവിതരണ കേന്ദ്രത്തിൽ (റേഷൻ കടയിൽ) ഒടുക്കേണ്ടതാണ് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ആശ്രയ കുടുംബങ്ങൾക്ക് ഭക്ഷണം വിതരണം ചെയ്യുന്നതിന് വേണ്ടി അഗതി പുനരധിവാസ ഫണ്ടാണ് ഉപയോഗിക്കേണ്ടതെന്നിരിക്കെ നിർവ്വഹണ ഉദ്യോഗസ്ഥനായ അസി.സെക്രട്ടറി പ്ളാൻ ഫണ്ട് ഉപയോഗിച്ച് ഭക്ഷണ കിറ്റിനുള്ള തുക സി.ഡി.എസ് അക്കൌണ്ടിലേക്ക് നൽകുകയാണ് ചെയ്തിരിക്കുന്നത്. 2015-16, 2016-17 വർഷത്തെ ബില്ലുകൾ, അതാത് വർഷങ്ങളിൽ ചാലഞ്ച് ഫണ്ട് ഉണ്ടായിരിന്നിട്ടും ഉപയോഗപ്പെടുത്താതെ ഇപ്രകാരം പ്രോജക്ട് തയ്യാറാക്കി ചെലവഴിച്ചത് ശരിയായ രീതീയല്ല. നിലവിൽ പ്ളാൻ ഫണ്ട് ആശ്രയ ഗുണഭോക്താക്കൾക്കുള്ള വീട് നിർമ്മാണം, വീട് പുനരുദ്ധാരണം എന്നിവയ്ക്കാണ് ചെലവഴിക്കേണ്ടത്. പദ്ധതി മാർഗ്ഗരേഖയിൽ തന്നെ വ്യക്തമായി പറഞ്ഞിട്ടുള്ള നിർദ്ദേശങ്ങൾ പാലിക്കാതെയാണ് പ്രോജക്ട് നടപ്പാക്കിയത്. പ്രോജക്ട് നിർവ്വഹണത്തിൽ വേണ്ടത്ര ജാഗ്രത നിർവ്വഹണോദ്യോഗസ്ഥൻ കാണിച്ചില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

## 3-2 പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ് - അപാകതകൾ

2017-18 വർഷം അസി.സെക്രട്ടറി നിർവ്വഹണം നടത്തിയ പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടാപ് എന്ന പ്രോജക്ടിന്റെ നിർവ്വഹണത്തിൽ അപാകതകൾ ഉണ്ട്. പ്രോജക്ട് വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം. | SO134/18 |
| പ്രോജക്ട് പേര് | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വാങ്ങൽ -ലാപ് ടോപ് |
| അടങ്കൽ | 450000 |
| ചെലവ് | 418600(ഒരെണ്ണത്തിന് 29900/-) |
| ബിൽ നം. | 16/2017-18 -16-02-2018. |

1. ആകെ 14 ഗുണഭോക്താക്കൾക്കാണ് ലാപ് ടോപ്പ് നൽകിയതായി കാണുന്നത്. ഗുണഭോക്താക്കളുടെ വ്യക്തിഗത അപേക്ഷ, രജിസ്റ്ററിൽ ഫോട്ടോ പതിച്ച് രേഖപ്പെടുത്തൽ എന്നിവ ഇല്ലാതെയാണ് ആനുകൂല്യം നൽകിയിട്ടുള്ളത്.

2. ഗ്രാമ സഭ അംഗീകരിച്ച ഗുണഭോക്താക്കളുടെ ലിസ്റ്റ് ഫയലിനോടൊപ്പം ഇല്ല.

3. ആനുകൂല്യം കൈപ്പറ്റിയ സഞ്ജയ് ജോഷി, ഉദയമ്പത്തറ വീട്, കണ്ണംപറമ്പ്, വാർഡ് VI എന്ന ഗുണഭോക്താവിന്റെ രേഖകൾ പരിശോധിച്ചതിൽ റേഷൻ കാർഡ് പ്രകാരം (റേഷൻ കാർഡ് നം. 1738099201- ഇഷ്യു ചെയ്ത തീയതി - 15-03-2017)ടിയാൾ മുടക്കുഴ ഗ്രാമ പഞ്ചായത്തിലെ സ്ഥിര താമസക്കാരനാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. അശമന്നൂർ വില്ലേജ് ഓഫീസിൽ നിന്നും നം.28670152/08-11-2017പ്രകാരം വിദ്യാഭ്യാസ ആവശ്യത്തിനായി നൽകിയ വരുമാന സർട്ടിഫിക്കറ്റിലും, നം. 28832471/15-11-2017 പ്രകാരം നൽകിയ ജാതി സർട്ടിഫിക്കറ്റിലും ശ്രീ. സഞ്ജയ് ജോഷി അശമന്നൂർ ഗ്രാമ പഞ്ചായത്തിലെ സ്ഥിര താമസക്കാരനാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം വേങ്ങൂർ ഗ്രാമ പഞ്ചായത്തിലെ ഗുണഭോക്താവ്

അല്ലാത്തയാൾക്കാണ് ആനുകൂല്യം നൽകിയത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.10 ന് ലഭ്യമാക്കിയ മറുപടിയിൽ ലാപ് ടോപ്പ് കൈപ്പറ്റിയ സഞ്ജയ് ജോഷി വേങ്ങൂർ ഗ്രാമപഞ്ചായത്തിലെ 6ാം വാർഡിൽ 46-ബി നമ്പർ കെട്ടിടത്തിലെ സ്ഥിര താമസക്കാരനാണ് എന്നും, ടിയാൻ മുമ്പ് താമസിച്ചിരുന്ന മുടക്കുഴ, അശമന്നൂർ ഗ്രാമപഞ്ചായത്തുകളിൽ നിന്നും ലാപ് ടോപ് ലഭിച്ചിട്ടില്ല എന്ന സാക്ഷ്യ പത്രം വാങ്ങി സൂക്ഷിച്ചിട്ടുണ്ട് എന്നും പ്രസ്താവിച്ചെങ്കിലും മറുപടിയോടൊപ്പം രേഖകൾ ഹാജരാക്കിയില്ല. നിർവഹണ ഉദ്യോഗസ്ഥനായ അസി. സെക്രട്ടറി ബന്ധപ്പെട്ട രേഖകൾ പ്രൊജക്ട് നിർവഹണവേളയിൽത്തന്നെ ശേഖരിക്കാത്തതും അവ പരിശോധിച്ചിട്ടില്ലാത്തതും അപാകതയാണ്. ഓഡിറ്റ് എൻക്വയറിയെ തുടർന്നാണ് നിർവഹണ ഉദ്യോഗസ്ഥൻ പ്രൊജക്ട് സംബന്ധിച്ച അർഹതയുടെ സാക്ഷപത്രം ഗുണഭോക്താവിൽനിന്നും വാങ്ങി സൂക്ഷിച്ചത്. ആയത് പ്രൊജക്ട് നിർവഹണത്തിലെ അപാകതയാണ്. പ്രൊജക്ട് നിർവഹണത്തിൽ ഇത്തരം അപാകതൾ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-3 മെറിറ്റോറിയസ് ആയ പട്ടികജാതി വിഭാഗത്തിലെ കുട്ടികൾക്ക് ധനസഹായം - അനർഹരായവർക്ക് നൽകി.

| | |
|---|---|
| പ്രോജക്ട് നം. | SO 36/2017-18 |
| പ്രോജക്ട് പേര് | പട്ടികജാതി മെറിറ്റോറിയസ് വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്നതിനുള്ള ധനസഹായം |
| നിർവ്വഹണം | അസി.സെക്രട്ടറി |
| അടങ്കൽ | 300000 |
| ചെലവ് | 115000 |
| ബിൽ നം. | 20/17-18/14-03-2018 |

1. മേൽ പ്രോജക്ട് പ്രകാരം 15000/-രൂപ ധനസഹായം നൽകിയ ശ്രീ.സഞ്ജയ് ജോഷി എന്ന വിദ്യാർത്ഥി സമർപ്പിച്ച രേഖകൾ പരിശോധിച്ചത് പ്രകാരം ടി. വിദ്യാർത്ഥി അശമന്നൂർ ഗ്രാമ പഞ്ചായത്തിലെ സ്ഥിരതാമസക്കാരനാണെന്ന വിവരങ്ങൾ ആണ് വരുമാന സർട്ടിഫിക്കറ്റ് പ്രകാരം രേഖപ്പെടുത്തിയിട്ടുള്ളത്. (15-11-2017 ലെ നം. 28832471 പ്രകാരമുള്ള വരുമാന സർട്ടിഫിക്കറ്റ്). ഇപ്രകാരം അശമന്നൂർ ഗ്രാമ പഞ്ചായത്തിലെ സ്ഥിരതാമസക്കാരന് ആനുകൂല്യം നൽകിയത് സംബന്ധിച്ച വിശദീകരണം ഓഡിറ്റിന് ഹാജരാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ രേഖകൾ വാങ്ങി സൂക്ഷിച്ചിട്ടുണ്ട് എന്ന് നിർവഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. നിർവഹണ വേളയിൽ ആവശ്യമായ രേഖകൾ വാങ്ങി പരിശോധിക്കുന്നതിന് പകരം ഓഡിറ്റ് വേളയിൽ ഓഡിറ്റ് ആവശ്യപ്പെട്ടത് പ്രകാരമാണ് രേഖകൾ ഗുണഭോക്താവിൽ നിന്നും വാങ്ങിയത്. ആയത് നിർവ്വഹണത്തിലെ അപാകതയാണ്. പ്രോജക്ട് നിർവ്വഹണത്തിൽ ഇത്തരം അപാകതകൾ ഉണ്ടാകാതെ ശ്രദ്ധിക്കേണ്ടതാണ്.

## 3-4 ഗാർഹിക ബയോഗ്യാസ് പ്ലാന്റ് - അപാകതകൾ

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | 205/18, ഗാർഹിക ബയോഗ്യാസ് പ്ലാന്റ് |

| | |
|---|---|
| അടങ്കൽ | 1,89,000/- (70,000/-വികസന ഫണ്ട് (ജനറൽ) 1,19,000/-മറ്റുള്ളവ) |
| ചെലവ് | 70,000/- |
| ബിൽ നമ്പർ | 116/17-18 തീയതി 28.03.2018 തുക 70,000/ |
| നിർവ്വഹണം | വി ഇ ഒ, കൊമ്പനാട് |

കേരള ശുചിത്വ മിഷന്റെ സഹായത്തോടെ 2016-17 വർഷം ആരംഭിച്ച് സ്പിൽ ഓവറായി തുടർന്ന മേൽ പദ്ധതിയിൽ 1m3 വ്യാസമുള്ള 14 ബയോഗ്യാസ് പ്ലാന്റുകൾ 13500/- രൂപ നിരക്കിൽ പൂർത്തിയാക്കിയതിന് സോഷ്യോ ഇക്കണോമിക് ഫൌണ്ടേഷൻ, ആലുവ എന്ന സ്ഥാപനത്തിന് 2017-18 സാമ്പത്തിക വർഷത്തിൽ ആകെ 70,000/-രൂപ കൈമാറിയിട്ടുണ്ട്. 22.03.2018 ൽ അംഗീകാരം ലഭിച്ച മേൽ പ്രോജക്ടിൽ യൂണിറ്റ് ഒന്നിന് 8500/-രൂപ ഗുണഭോക്തൃവിഹിതവും 5000/-രൂപ പഞ്ചായത്ത് വിഹിതവും ഉൾപ്പെടെ 13500/- രൂപ നിരക്കിൽ 14 യൂണിറ്റുകൾക്ക് ആകെ 1,89,000/-രൂപയാണ് വകയിരുത്തിയിരിക്കുന്നത്. ഗുണഭോക്തൃവിഹിതമിനത്തിൽ 2017-18 വർഷം ആകെ 1,19,000/-രൂപ ഗുണഭോക്താക്കളിൽ നിന്നും ഈടാക്കി പഞ്ചായത്തിൽ അടവാക്കിയിട്ടുമുണ്ട്. എന്നാൽ ഈടാക്കിയ ഗുണഭോക്തൃവിഹിതം ഏജൻസിക്ക് കൈമാറാതെ പ്ലാൻ ഫണ്ട് തുക മാത്രമാണ് കൈമാറിയിട്ടുള്ളത്.

പഞ്ചായത്ത് നൽകിയ 70,000/-രൂപയ്ക്ക് GST രജിസ്ട്രേഷനുള്ള ബില്ലുകൾ ഏജൻസി നല്കിയിട്ടില്ല. തുക കൈപ്പറ്റിയതായുള്ള രസീതിൽ സ്ഥാപനത്തിന്റെ GST രജിസ്ട്രേഷൻ നമ്പർ കാണിച്ചിട്ടുമില്ല. GST അടക്കമുള്ള യൂണിറ്റ് കോസ്റ്റാണ് സ്ഥാപനം ഈടാക്കിയത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ പദ്ധതി സ്പിൽ ഓവറാക്കിയിരുന്നില്ലെന്നും ഗുണഭോക്തൃവിഹിതം 2018-19 വർഷം അടവാക്കിയിട്ടുണ്ടെന്നുമാണ് അറിയിച്ചിട്ടുള്ളത്. ഗുണഭോക്തൃ വിഹിതം അടവാക്കുവാൻ പ്രത്യേക പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുകയാണ് ചെയ്തത്. ജി എസ് ടി ഉൾപ്പെടെയുള്ള ബില്ല് പിന്നീട് ഹാജരാക്കാമെന്നും അറിയിച്ചിട്ടുണ്ട്. ഗുണഭോക്തൃ വിഹിതം ഈടാക്കിയത് അടവാക്കാതെ സാമ്പത്തിക വർഷം അവസാനിച്ചിട്ടും പഞ്ചായത്ത് ഫണ്ടിൽ സൂക്ഷിച്ചത് അപാകതയാണ്. ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

ജി.എസ്.ടി അടവാക്കിയതിന്റെ രേഖകൾ ഹാജരാക്കുന്നത് വരെ ഈയിനത്തിൽ ചെലവഴിച്ച 70000/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-5 പ്രത്യേക കന്നുകുട്ടി പരിപാലനം - വിനിയോഗ രേഖകൾ ലഭ്യമാക്കുന്നില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | 13/18, പ്രത്യേക കന്നുകുട്ടി പരിപാലനം |
| അടങ്കൽ | 4,00,000/- (വികസന ഫണ്ട് ജനറൽ) |
| ചെലവ് | 4,00,000/- |
| ബിൽ നമ്പർ | 1/17-18 തീയതി 15.01.2018 |
| നിർവ്വഹണം | വെറ്ററിനറി സർജൻ |

വെറ്റിനറി സർജൻ നിർവ്വഹണം നടപ്പിലാക്കിയ പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിക്കായി 2017-18 ൽ 4,00,000/- രൂപ പ്രോജക്ട് ഓഫീസർ, ആലുവയ്ക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ പദ്ധതി നടത്തിപ്പിന്റെ ചെലവ് വിവരങ്ങൾ ലഭ്യമാക്കി സൂക്ഷിച്ചിട്ടില്ല. ക്ഷീരവികസനം ലക്ഷ്യമിട്ട് 4 മുതൽ 32 മാസം വരെ പ്രായമുള്ള കന്നുകുട്ടികൾക്ക് കാലിത്തീറ്റ, മരുന്ന്, വാക്സിനേഷൻ, ഇൻഷുറൻസ് എന്നിവ ലഭ്യമാക്കുന്നതിനാണ് തുക കൈമാറുന്നത്. എന്നാൽ കൈമാറിയ മുഴുവൻ തുകയും കാര്യക്ഷമമായി വിനിയോഗിച്ചോ എന്ന് വിലയിരുത്താൻ സാധിച്ചിട്ടില്ല. ക്ഷീര വികസനം ലക്ഷ്യമിട്ട് കൈമാറുന്ന തുക ഫലപ്രദമായി വിനിയോഗിക്കുന്നുണ്ടോ എന്ന് തുക കൈമാറിയതിനുശേഷം നിർവ്വഹണോദ്യോഗസ്ഥൻ പരിശോധിക്കുന്നില്ല. പ്രോജക്ട് ഓഫീസർക്ക് കൈമാറിയ തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.19 തീയതി 18-01-2019)മറുപടി ലഭ്യമാക്കിയിട്ടില്ല. കൈമാറിയ തുകയുടെ വിനിയോഗ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 3-6 വീട് വാസയോഗ്യമാക്കൽ - കുറഞ്ഞ തുക അനുവദിക്കുന്നത്

വി ഇ ഒ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പൊതു വിഭാഗത്തിന്റെ വീട് വാസയോഗ്യമാക്കൽ എന്ന പദ്ധതിയിൽ 2017-18 വർഷത്തിൽ താഴെപ്പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| | |
|---|---|
| പ്രോജക്ട് നം. | SO 25/18 |
| പ്രോജക്ടിന്റെ പേര് | വീട് വാസയോഗ്യമാക്കൽ |
| അടങ്കൽ | 15,00,000/-(വികസന ഫണ്ട്) |
| ചെലവ് | 12,20,000/- |
| ബിൽ നമ്പർ | 6/17-18 തീയതി 27.03.2018 - |

15,00,000/- രൂപ വകയിരുത്തിയ പദ്ധതിയിൽ ആകെ 12,20,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. 61 ഗുണഭോക്താക്കൾക്ക് 20,000/- രൂപ വീതം നൽകുകയാണ് ചെയ്തിട്ടുള്ളത്.

തദ്ദേശഭരണസ്ഥാപനങ്ങളുടെ 2017-18 വാർഷിക പദ്ധതി സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖ സ.ഉ. (എം എസ്) നമ്പർ 80/2017 തസ്വ ഭ വ, തീയതി 03.04.2017 പ്രകാരം 1,00,000/-രൂപ വരെ ഈയിനത്തിൽ ഒരു ഗുണഭോക്താവിന് നൽകാവുന്നതാണ്. എന്നാൽ എഞ്ചിനീയർ 20,000/-രൂപയിൽ അധികം വാല്വുവേഷൻ നൽകിയിരിക്കുന്ന പ്രവൃത്തികൾക്ക് പോലും ആനുകൂല്യം 20,000/-രൂപയായി നിജപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. നിർമ്മാണ വസ്തുക്കളുടെ വിലയും, ഉയർന്ന കൂലിച്ചെലവും പരിഗണിക്കുമ്പോൾ 20,000/-രൂപ എന്നത് അപര്യാപ്തമായ തുകയാണ്. 1,00,000/- രൂപ വരെ ആനുകൂല്യത്തിന് അർഹതയുണ്ടെന്നിരിക്കെ, കൂടുതൽ ഗുണഭോക്താക്കളെ പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ വേണ്ടി കുറഞ്ഞ നിരക്കിൽ ആനുകൂല്യം അനുവദിച്ച് പദ്ധതി നടപ്പിലാക്കിയപ്പോൾ അർഹമായതിന്റെ അഞ്ചിലൊന്ന് തുക മാത്രം ലഭ്യമാക്കുകയും പിന്നീട് ഈ ആനുകൂല്യത്തിനുള്ള അർഹത നഷ്ടമാകുകയും ചെയ്യുന്ന എന്നുള്ളത് ഇത്തരത്തിൽ പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ മറ്റൊരു ദൂഷ്യവശമാണ്. ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കളുടെ വീടുകൾ നേരിട്ട് സന്ദർശിച്ചതിൽ ഇനിയും ഒരുപാട് അറ്റകുറ്റപ്പണികൾ വീടിന് ആവശ്യമാണെന്ന്

കാണുന്നു. പഞ്ചായത്ത് ലഭ്യമാക്കിയ തുക ഉപയോഗിച്ച് യഥാർത്ഥത്തിൽ ചെയ്യേണ്ട പ്രവൃത്തികളുടെ ചെറിയ ഒരു ഭാഗം പോലും പൂർത്തീകരിക്കാൻ ഗുണഭോക്താവിന് കഴിയുന്നമില്ല. സർക്കാർ അനുമതി നൽകിയിരിക്കുന്ന നിരക്കിൽ സബ്സിഡി വിതരണം ചെയ്യുകയാണെങ്കിൽ ഈ ഗുണഭോക്താക്കൾക്ക് മെച്ചപ്പെട്ട രീതിയിൽ വീട് വാസയോഗ്യമാക്കാൻ കഴിയുമായിരുന്നു. അർഹത വിലയിരുത്തി വീട് വാസയോഗ്യമാക്കൽ പോലെയുള്ള പദ്ധതികൾ കാര്യക്ഷമമായി പൂർത്തീകരിക്കും വിധത്തിൽ നടപ്പിലാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണെന്ന കാര്യം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-7 വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

2017-18 വർഷം സെക്രട്ടറി നടപ്പിലാക്കിയ താഴെപ്പറയുന്ന വിവിധ പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് വിവിധ ഏജൻസികൾക്ക് തുക കൈമാറിയിട്ടുണ്ടെങ്കിലും പദ്ധതി പൂർത്തിയാക്കിയതിന്റെ പൂർത്തീകരണ സാക്ഷ്യപത്രമോ കൈമാറിയ തുകയ്ക്കുള്ള വിനിയോഗ സാക്ഷ്യപത്രമോ ലഭ്യമാക്കിയിട്ടില്ല.

| പദ്ധതിയുടെ പേര്/നം. | നൽകിയ തുക | ബിൽ റഫറൻസ് നം/തീയതി/തുക | തുക കൈപ്പറ്റിയ സ്ഥാപനം |
|---|---|---|---|
| പി എം എ വൈ,എസ് സി വിഹിതം 41/18 | 2,00,000/- | 20/17-18തീ.11.08.17 തുക 1,00,000/- 13/17-18തീ.19.07.17 തുക 1,00,000/- | ബ്ലോക്ക് പഞ്ചായത്ത് |
| പി എം എ വൈ, എസ് ടി വിഹിതം 42/18 | 162500/- | 21/17-18തീ.18.08.17 തുക 65000/- 12/17-18തീ.19.07.17 തുക 97500/- | ബ്ലോക്ക് പഞ്ചായത്ത് |
| സ്ട്രീറ്റ് ലൈറ്റ് ലൈൻ വലിക്കൽ 43/18 | 506508/- | 15/17-18തീ.26.07.2017 തുക 506508/- | കെ എസ് ഇ ബി |
| പൊതു വൈദ്യുത കമ്പിവേലി 127/18 | 1031074/- | 53/17-18തീ.07.03.18 തുക 1031074/- | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ്, മലയാറ്റൂർ ഡിവിഷൻ |
| സ്കൂൾ വിദ്യാർത്ഥിനികൾക്ക് സാനിട്ടറി നാപ്കിൻ | 281312/- | 64/17-18 തീ.23.03.18 തുക 187042/- 52/17-18തീ.07.03.18 തുക 94270/- | കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ |
| അങ്കണവാടി മെയിന്റനൻസ് 74/18 | 440000 | നം. 171207520913012 71340 തീയതി 24-3-18 തുക 4,40,000 | പൊതുമരാമത്ത് വകുപ്പ് |
| വിവിധ അങ്കണവാടികളുടെ മെയിന്റനൻസ് 101/18 | 400000 | നം.171207520913012 36642 തീയതി 24-3-18 തുക 4,00,000 | പൊതുമരാമത്ത് വകുപ്പ് |

ഇത് സംബന്ധിച്ച് നൽകിയ 17-01-2019 ലെ 15ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഹാജരാക്കാമെന്ന് പഞ്ചായത്ത് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പദ്ധതികൾ പൂർത്തിയാക്കിയതിന്റെ പൂർത്തീകരണ സാക്ഷ്യപത്രം, കൈമാറിയ തുകയ്ക്കുള്ള വിനിയോഗ സാക്ഷ്യപത്രം മുതലായവ ലഭ്യമാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

.

## 3-8 റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 169പട്ടിക 3 പ്രകാരം ഗ്രാമീണ റോഡുകൾ നിർമ്മിക്കുകയും പരിപാലിക്കുകയും ചെയ്യുക എന്നത് ഗ്രാമപഞ്ചായത്തുകളിൽ നിക്ഷിപ്തമായ ഉത്തരവാദിത്തമാണ്. എന്നാൽ ഇപ്രകാരം പ്രവൃത്തികൾ നടപ്പാക്കുന്നത് കണക്റ്റിവിറ്റി പ്ലാൻ അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ ആകണമെന്ന് 4.02.2011ലെ സ.ഉ(എം.എസ്) 31/2011/തസ്വഭവ നമ്പർ ഉത്തരവിൽ സർക്കാർ വ്യക്തമായി നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിൽ ഓരോ തദ്ദേശഭരണ സ്ഥാപനവും റോഡ് കണക്റ്റിവിറ്റി മാപ്പും റോഡ് കണക്റ്റിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണം എന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽ നിർദ്ദേശങ്ങൾ ഗ്രാമപഞ്ചായത്ത് പാലിച്ചിട്ടില്ല. നടപ്പാക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന ആസ്തി രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും തൻവർഷം നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ ചേർത്തിട്ടില്ല. ഇപ്രകാരം ആസ്തി രജിസ്റ്റർ കൃത്യമായി പരിപാലിക്കാത്തതിനാലും കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കാത്തതിനാലും ഓരോ വർഷവും ഗ്രാമപഞ്ചായത്ത് നടപ്പാക്കുന്ന റോഡുവർക്കുകളുടെ കൃത്യമായ വിവരം ബന്ധപ്പെട്ട സ്ഥാപനത്തിൽ ലഭ്യമല്ലാത്ത അവസ്ഥ സംജാതമാകുന്നു. കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കാത്തതിനാൽ ഗ്രാമപഞ്ചായത്തിൽ തുടങ്ങുന്നതും അവസാനിക്കുന്നതുമായ റോഡുകൾ, ഗ്രാമപഞ്ചായത്തിലൂടെ കടന്നു പോകുന്ന ബ്ലോക്ക്, ജില്ലാ പഞ്ചായത്തിന്റെ അധീനതയിലുള്ള റോഡുകൾ എന്നിവ വ്യക്തമായി തിരിച്ചറിയാൻ കഴിയാതെയും വരുന്നു. ഇത് ആസൂത്രണത്തിലും നിർവ്വഹണത്തിലും അപാകങ്ങൾക്ക് കാരണമാകുന്നു. ഇതോടൊപ്പം ഗ്രാമപഞ്ചായത്തുകളിൽ ബ്ലോക്ക് പഞ്ചായത്ത് നടപ്പാക്കുന്ന വർക്കുകളുടെ വിശദാംശങ്ങൾ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്താതെ/അപ്ഡേറ്റ് ചെയ്യപ്പെടാതെ പോകുന്നു. ഗ്രാമപഞ്ചായത്തുകളുടെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ട റോഡുകളുടെ നിർമ്മാണ/പരിപാലന പ്രവർത്തനങ്ങൾ പൂർണ്ണമായി ഏറ്റെടുക്കാതെ റോഡിന്റെ വിവിധ ഭാഗങ്ങൾ വ്യത്യസ്ത വർഷങ്ങളിൽ ഏറ്റെടുത്ത് നടപ്പാക്കുന്ന പ്രവണതയാണ് തുടർന്നു പോരുന്നത്. ഇപ്രകാരം നടപ്പാക്കുന്ന പ്രവൃത്തികളിൽ ചെയിനേജുകൾ രേഖപ്പെടുത്താതെ പ്രവൃത്തി തുടങ്ങുന്നതും അവസാനിക്കുന്നതുമായ സ്ഥലങ്ങളെ അടിസ്ഥാനപ്പെടുത്തി റോഡിന് പേരു നൽകുകയും ചെലവു പത്രികയിൽ ഇതു പ്രകാരമുള്ള രേഖപ്പെടുത്തലുകൾ വരുത്തുകയുമാണ് ചെയ്യുന്നത്. ഇത് മൂലം ഓരോ വർഷവും നടപ്പാക്കുന്ന വർക്കുകളുടെ വിശദാംശങ്ങൾ ആസ്തി രജിസ്റ്ററിൽ അപ്ഡേറ്റ് ചെയ്യപ്പെടുന്നുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പാക്കാൻ കഴിയാതെ വരുന്നു.

പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പുകളിലോ, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിലോ ഇതുമായി ബന്ധപ്പെട്ട ആവശ്യമുന്നയിക്കുകയോ, ചർച്ചകൾ നടത്തുകയോ ചെയ്തിട്ടില്ല. റോഡ് നിർമ്മാണ/മെയിന്റനൻസ് പ്രവൃത്തികൾ നടപ്പാക്കുന്നത് കണക്റ്റിവിറ്റി പ്ലാനിനെ അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ ആയിരിക്കേണ്ടതാണ്. ടി വിഷയത്തിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

## 3-9 സ്കോളർഷിപ്പ്-ആനുകൂല്യം മുഴുവൻ നൽകുന്നില്ല

| | |
|---|---|
| പ്രൊജക്ട് | ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ്. |
| പ്രൊജക്ട് നം | 3/18 |
| അടങ്കൽ | 15,00,000/-(7,00,000/-(വികസനഫണ്ട് സാധാരണം), 4,00,000/-(ബ്ലോക്ക് പഞ്ചായത്ത് വിഹിതം,4,00,000/-(ജില്ലാപഞ്ചായത്ത് വിഹിതം) |
| ചെലവഴിച്ച തുക | 14,71,200 രൂപ (6,71,200 – വികസന ഫണ്ട്, 4,00,000 – ബ്ളോക്ക് പഞ്ചായത്ത് വിഹിതം, 4,00,000 – ജില്ലാ പഞ്ചായത്ത് വിഹിതം). |

. ഐ സി ഡി എസ് സൂപ്പർവൈസർ നിർവഹണം നടത്തിയ മേൽ പ്രോജക്ടിൽ ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന 75 കുട്ടികൾക്കാണ് സ്കോളർഷിപ്പ് വിതരണം ചെയ്തത്. പ്രതിമാസ സ്കോളർഷിപ്പ് 1000/- രൂപയും പ്രതിമാസ യാത്രാബത്ത 1000/- രൂപയും വസ്തുങ്ങൾക്കുള്ള ബത്ത, വിദ്യാഭ്യാസ സാമഗ്രികൾക്കുള്ള ബത്ത എന്നീ ഇനങ്ങളിലെ വാർഷിക ബത്തകളായ യഥാക്രമം 1500/-രൂപ, 2000/-രൂപ എന്നിവയടക്കം 28,500/- രൂപയാണ്. മാനസിക വെല്ലുവിളി നേരിടുന്ന 30 കുട്ടികൾക്ക് 26000/- രൂപ മാത്രമാണ് 2017-18 ൽ മേൽ പ്രൊജക്ടുകളിലൂടെ ലഭ്യമാക്കിയിട്ടുള്ളത്. 2500/-രൂപ ഈ വർഷം ഈ കുട്ടികൾക്ക് നഷ്ടമായിട്ടുണ്ട്. കൂടാതെ പഞ്ചായത്ത് വിഹിതമിനത്തിൽ വകയിരുത്തിരുന്ന 28800/-രൂപ സാംഖ്യയിൽ വന്ന സാങ്കേതിക തകരാർ മൂലം വിതരണം ചെയ്തിട്ടില്ല. മുഴുവൻ തുകയും ലഭ്യമാക്കാൻ പര്യാപ്തമായ തുക ബജറ്റിലും പ്രൊജക്ട് തയ്യാറാക്കുന്ന വേളയിലും വക കൊള്ളിക്കുന്നില്ല എന്ന് കാണുന്നു. നിലവിലുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് ലഭ്യമാക്കാൻ ആകെ 1575000/- രൂപ ആവശ്യമായിരുന്നെങ്കിലും 15,00,000/-രൂപ മാത്രമാണ് വകയിരുത്തിയത്. ഭിന്നശേഷിക്കാരായ കുട്ടികളുടെ ക്ഷേമം മുൻ നിർത്തി വിഭാവനം ചെയ്തിരിക്കുന്ന സ്കോളർഷിപ്പ് പൂർണ്ണമായും വിതരണം ചെയ്യുന്നതിന് ആവശ്യമായത്ര തുക വകയിരുത്തുന്നു എന്ന കാര്യം ഉറപ്പു വരുത്തേണ്ടതാണ്.

## 3-10 തുടർ സാക്ഷരതാപ്രവർത്തനങ്ങൾ–രേഖകൾ സൂക്ഷിക്കുന്നില്ല

| പ്രോജക്ട് നം. | S0121/18 | S0230/18 |
|---|---|---|
| പ്രോജക്ടിന്റെ പേര് | തുടർ സാക്ഷരതാ പ്രവർത്തനങ്ങൾ | തുടർ സാക്ഷരതാ പ്രവർത്തനങ്ങൾ |
| അടങ്കൽ | 30,000/-( വികസനഫണ്ട്-സാധാ) | 61,950/-( വികസനഫണ്ട്-സാധാ) |
| ചെലവ് | 25,500/- | 61,950/- |
| ബിൽ നമ്പർ | 16/17-18 തീയതി 26.07.17 | 48/17-18 തീയതി 21.02.2018 |

സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായ മേൽ പ്രോജക്ടുകളിൽ പത്താംതരം തുല്യതാപരീക്ഷ, ഹയർ സെക്കന്ററി തുല്യതാപരീക്ഷ എന്നിവയ്ക്കായി താഴെപ്പറയും പ്രകാരം തുക നൽകിയിട്ടുണ്ട്.

S0121/18 - പത്താംതരം തുല്യതാപരീക്ഷയ്ക്ക്

17 X 1500= 25500/- രൂപയും

S0230/18 പ്രകാരം

പത്താംതരം തുല്യതാപരീക്ഷയ്ക്ക് 12 X 1750=21000/-

ഹയർ സെക്കന്ററി തുല്യതാപരീക്ഷ 21 X 1950 =40950/- എന്നിങ്ങനെ

പരീക്ഷാ ഫീസ് ഇനത്തിൽ ഇത്രയും തുക നൽകുന്നുണ്ടെങ്കിലും ഇത്രയും പഠിതാക്കൾ പരീക്ഷ എഴുതുന്നുണ്ടോ എന്ന് നിർവ്വഹണോദ്യോഗസ്ഥൻ ഉറപ്പ് വരുത്തുന്നില്ല. പഠിതാക്കൾ പരീക്ഷ എഴുതിയതിന്റെ യാതൊരു രേഖയും ഫയലിൽ ലഭ്യമാക്കി സൂക്ഷിക്കുന്നില്ല. പദ്ധതിയുടെ ഫലപ്രാപ്തി വിലയിരുത്തുന്നതിന് ആയതിനാൽ തന്നെ സാധിക്കുന്നില്ല. തുടർ സാക്ഷരതാ പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പ് ഉറപ്പ് വരുത്തുന്നതിന് ഭാവിയിൽ കൃത്യമായ മേൽ നോട്ടം ഉണ്ടായിരിക്കേണ്ടതിന് അവശ്യ രേഖകൾ ലഭ്യമാക്കി സൂക്ഷിക്കണമെന്ന് നിർദ്ദേശിക്കുന്നു.

## 3-11 ആദായ നികുതി ഈടാക്കിയില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര് | പദ്ധതി ആസൂത്രണം നിർവ്വഹണം |
| പ്രോജക്ട് നം | S016/18 |
| അടങ്കൽ | 2,00,000/- (വികസന ഫണ്ട്-ജനറൽ) |
| ചെലവ് | 2,00,000/- |
| ബിൽ നമ്പർ/ തീയതി/തുക | 17/17-18 തീയതി 28.07.17 തുക 120850/-<br>23/17-18 തീയതി 18.08.17 തുക 3370/-<br>29/17-18 തീയതി 13.10.17 തുക 4213/-<br>32/17-18 തീയതി 21.11.17 തുക 8250/-<br>35/17-18 തീയതി 13.12.17 തുക 9268/-<br>61/17-18 തീയതി 17.03.18 തുക 54049/- |
| നിർവ്വഹണം | സെക്രട്ടറി |

. 2017-18 വർഷത്തിലെ മേൽ പദ്ധതിയിൽ പഞ്ചായത്തിലെ പ്രിന്റിംഗ് സംബന്ധമായ ജോലികളെല്ലാം ഏൽപ്പിച്ചിട്ടുള്ളത് ശ്രീ പി ബി ബിജു എന്ന വ്യക്തിയുടെ ഗ്രാഫ്ടെക് ഓഫ്സെറ്റ് പ്രിന്റേഴ്സ് എന്ന സ്ഥാപനത്തെയാണ്. ഈ പദ്ധതിയിൽ നൽകിയ 129100/- രൂപ കൂടാതെ വിവിധ അച്ചടി ജോലികൾ നിർവ്വഹിച്ചതിന് നൽകിയ 13495/-രൂപ ഉൾപ്പെടെ ആകെ 142595/-രൂപ പ്രിന്റിംഗ് ചാർജ്ജിനത്തിൽ ഈ സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. ഇൻകം ടാക്സ് ആക്ട് സെക്ഷൻ 194C പ്രകാരം ഒരു സാമ്പത്തിക വർഷം ആകെ വരുമാനം 1,00,000/- രൂപയിൽ കൂടുതൽ നൽകുന്ന കോൺട്രാക്ടുകളിൽ നിന്ന് 1 ശതമാനം നികുതി (വ്യക്തികളിൽ നിന്ന്) ഈടാക്കി സർക്കാരിലേക്ക് അടക്കേണ്ടതാണ്. എന്നാൽ ഗ്രാഫ്ടെക് ഓഫ്സെറ്റ് പ്രിന്റേഴ്സ് എന്ന സ്ഥാപനത്തിൽ നിന്നും ആദായ നികുതിയിനത്തിൽ തുകയൊന്നും ഈടാക്കിയിട്ടില്ല. ആദായ നികുതി 1426/-രൂപ ഈടാക്കി ആദായ നികുതി വകുപ്പിൽ അടവാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-12 പദ്ധതി നിർവ്വഹണവും സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പ്രവർത്തനവും

. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, 1995 ലെ കേരള പഞ്ചായത്ത് രാജ് (സ്റ്റാന്റിംഗ്കമ്മിറ്റി രൂപീകരണവും നടപടിക്രമങ്ങളും അധികാരങ്ങളും) ചട്ടങ്ങൾ പ്രകാരം സ്റ്റാന്റിംഗ് കമ്മിറ്റി തെരഞ്ഞെടുപ്പ്, പ്രവർത്തനം, യോഗ നടപടിക്രമങ്ങൾ എന്നിവ സംബന്ധിച്ച് വ്യക്തമാക്കുന്നു. ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിച്ച് രൂപീകരണവും പ്രവർത്തനവും പഞ്ചായത്തിൽ നടക്കുന്നുണ്ട്. മാസത്തിലൊരിക്കൽ നാല് സ്റ്റാന്റിംഗ് കമ്മിറ്റികളും യോഗം കൂടി പ്രധാന വിഷയങ്ങൾ ചർച്ചകൾ നടത്തുന്നുണ്ട് എന്നത് സ്വീകാര്യമാണ്.

248.01ച.കി.മീ. വിസ്തൃതിയിൽ 15 വാർഡുകളായി വിഭജിച്ചിട്ടുള്ള ഗ്രാമപഞ്ചായത്തിന്റെ 209.1

ച.കി.മീ. വനവിസ്തൃതിയാണ്. ഭൂമിശാസ്ത്രപരമായ ഈ പ്രത്യേകത പഞ്ചായത്തിന്റെ സമഗ്രവികസനത്തിന് വെല്ലുവിളിയാണ്.തനത് വരുമാനം താരതമ്യേന കുറവാണ് എന്നതും വികസനസാധ്യതകൾക്ക് മങ്ങലേല്പിക്കുന്നു. എന്നാൽ ഈ വെല്ലുവിളികളെ മറികടക്കാനുതകുന്ന നിർദ്ദേശങ്ങൾ സ്റ്റാൻഡിംഗ് കമ്മറ്റികളിൽ നിന്നും ഉണ്ടാകുന്നില്ല. ജലക്ഷാമം പരിഹരിക്കാൻ പൊതുകുളങ്ങൾ സംരക്ഷിക്കൽ, പാറമടകൾ പ്രയോജനപ്പെടുത്തൽ എന്നീ ഗ്രാമസഭാ നിർദേശങ്ങൾ പ്രായോഗികമാക്കാൻ ശ്രമങ്ങൾ ഉണ്ടായില്ല. പൊതുശ്മശാനത്തിനായി 30-3-15 ൽ വാങ്ങിയ 50 സെന്റ് സ്ഥലത്ത് നാളിതുവരെ നിർമ്മാണം നടത്തിയിട്ടില്ല. സാമൂഹ്യക്ഷേമ പെൻഷനുകൾ അംഗീകരിക്കുന്നതിനപ്പുറം മറ്റ് ചർച്ചകളോ, നിർദ്ദേശങ്ങളോ ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയിൽ ഉണ്ടായിട്ടില്ല. മരാമത്ത് കരാറുകാർ തുടർച്ചയായി ഇ – ടെണ്ടർ നടപടികളിൽ നിന്നും വിട്ടുനിന്നിട്ടും, അതിനെക്കുറിച്ച് അവലോകനം നടത്താനും കാരണം കണ്ടുപിടിക്കാനും സ്റ്റാൻഡിംഗ് കമ്മറ്റിക്ക് കഴിഞ്ഞില്ല.എല്ലാ മേഖലകളിലും വ്യക്തമായ പഠനം നടത്തി താഴെ തട്ടിൽ നിന്നു തന്നെ ഉയർന്നുവരുന്ന പ്രായോഗികമായ നിർദ്ദേശങ്ങളും സമീപനങ്ങളും ഉൾക്കൊണ്ടുകൊണ്ടും പഞ്ചായത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകളും വിലയിരുത്തി ഉപകാരപ്രദമായ പദ്ധതികൾ നടപ്പാക്കി വിജയം കൈവരിക്കാൻ സ്റ്റാന്റിംഗ്കമ്മിറ്റികളുടെ സജീവ സാന്നിധ്യം ഉണ്ടാകേണ്ടതാണ്.

## 3-13 ആസൂത്രണ സമിതി, വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനാവലോകനം

. ജി.ഒ. (എം.എസ്) 10/2017/ത.സ്വ.ഭ.വ / 09.01.2017 ഉത്തരവിലാണ് 2017-2022 പഞ്ചവത്സര പദ്ധതിക്കുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ രേഖപ്പെടുത്തിയിരുന്നത്. തദ്ദേശ ഭരണസ്ഥാപനങ്ങളിലെ നിർണ്ണായക ഘടകങ്ങളായ ആസൂത്രണ സമിതി, വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവയുടെ രൂപീകരണം മേൽ ഉത്തരവ് പ്രകാരമായിരുന്നു. പഞ്ചവത്സര പദ്ധതിയുടെ ആദ്യ വർഷത്തെ മേൽ ഘടകങ്ങളുടെ പ്രവർത്തനം പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ പഞ്ചായത്തിന്റെയും ആസൂത്രണ സമിതിയുടെയും വിവിധ വർക്കിംഗ് ഗ്രൂപ്പുകളുടെയും ശ്രദ്ധയിൽ പെടുത്തുന്നു.

പദ്ധതി ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നീ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക, ആസൂത്രണ പ്രക്രിയയിലെ ജനപങ്കാളിത്തം വർദ്ധിപ്പിക്കാൻ ഭരണസമിതിയെ സഹായിക്കുക എന്നിവയാണ് ആസൂത്രണ സമിതിയുടെ പ്രധാന ചുമതല. ഓഡിറ്റ് വർഷത്തിൽ ആസൂത്രണ സമിതി യോഗം ചേർന്നതായി മിനിറ്റ്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. അതിനാൽ തന്നെ തൻവർഷ പദ്ധതി രൂപീകരണത്തിലോ, നിർവ്വഹണത്തിലോ, ഏകോപനത്തിലോ ആസൂത്രണസമിതിയുടെ പങ്കാളിത്തം ഇല്ലായിരുന്നു. വർഷാവസാനത്തെ തിരക്ക് പിടിച്ച ചെലവ് ഒഴിവാക്കാൻ നിർവ്വഹണ കലണ്ടർ കാലേക്കൂട്ടി തയ്യാറാക്കണം എന്ന നിർദ്ദേശം നടപ്പിലായതായി കാണുന്നില്ല. പൊതുവിദ്യാലയങ്ങളിലെ കുട്ടികളുടെ എണ്ണം വർദ്ധിപ്പിക്കാൻ വേണ്ട ഇടപെടലുകൾ നടത്തിയിട്ടില്ല. വാർഡ് തല ജാഗ്രതാസമിതി, വാർഡ് വികസന സമിതി എന്നിവ കാര്യക്ഷമമാക്കൽ തുടങ്ങിയ വിഷയങ്ങളിലൊന്നും തന്നെ ആസൂത്രണ സമിതിയുടെ പങ്കാളിത്തം ഉണ്ടായിട്ടില്ല. പദ്ധതി രൂപീകരണത്തിൽ ഗുണപരമായ യാതൊരു ഇടപെടലുകളും ആസൂത്രണസമിതി 2017-18ൽ നടത്തിയിട്ടില്ല. 13-ാം പഞ്ചവത്സര പദ്ധതിയുടെ വികസന രേഖ

ആസൂത്രണ സമിതി അംഗങ്ങൾക്ക് നൽകിയിട്ടുണ്ടോ, സ്റ്റാറ്റസ് റിപ്പോർട്ട് പദ്ധതി രൂപീകരണത്തിന് പ്രയോജനപ്പെടുത്തിയിട്ടുണ്ടോ എന്നും വ്യക്തമല്ല. പ്രദേശത്തിന്റെ വികസനം സംബന്ധിച്ച് ആരോഗ്യകരമായ സംവാദങ്ങൾ സംഘടിപ്പിക്കുക, അധികവിഭവ സമാഹരണ സാദ്ധ്യത കണ്ടെത്തുക, വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക, പദ്ധതി ആസൂത്രണത്തിന് അനുയോജ്യമായ പഠനങ്ങൾ നടത്തി ഭരണസമിതിയെ സഹായിക്കുക, സ്റ്റേക്ക് ഹോൾഡർമാർ, ബാങ്ക്, സഹകരണ സ്ഥാപനങ്ങൾ എന്നിവയുമായി കൂടിയാലോചന നടത്തുക, പ്രാദേശികാസൂത്രണത്തിൽ സഹായിക്കുന്നതിന് വിദഗ്ധർ, സന്നദ്ധ പ്രവർത്തകർ, എന്നിവരെയൊക്കെ കണ്ടെത്തുന്നതിന് സഹായിക്കുക എന്നീ പ്രവർത്തനങ്ങളൊന്നും ആസൂത്രണസമിതിയുടെ ഭാഗത്ത് നിന്ന് ഉണ്ടായതായി മിനിറ്റ്സ് ബുക്കിൽ രേഖപ്പെടുത്തിയില്ല. ഡിപിസി ക്ലിയറൻസ് ലഭിച്ച് പദ്ധതി നിർവ്വഹണം ആരംഭിക്കുന്നതുതന്നെ 28-6-17ലും, ഗുണഭോക്തൃപട്ടിക അംഗീകരിക്കുന്നത് 27-7-17 ലുമാണ്. പൊതുവിദ്യാലയങ്ങൾ മികവുറ്റതാക്കാൻ യാതൊരു പ്രോജക്ടും മുന്നോട്ട് വെച്ചില്ല എന്നത് ആസൂത്രണസമിതിയുടെ ഭാഗത്ത് നിന്നുള്ള പാളിച്ചയാണ്. സ്ത്രീകൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് നല്കിയിട്ടുണ്ടെങ്കിലും, സംരംഭങ്ങൾ വിജയകരമായി പ്രവർത്തിക്കുന്നുണ്ടോയെന്ന് വിലയിരുത്തുന്നില്ല. കുടുംബശ്രീ പ്രവർത്തനങ്ങൾ ലക്ഷ്യമിടുന്ന സാമ്പത്തിക സാമൂഹിക ഉന്നമനം കൈവരിക്കാനുതകുന്ന പ്രോജക്ടുകളും ഉണ്ടാവുന്നില്ല. അങ്കണവാടികളുടെ ഭൗതിക സൗകര്യം മെച്ചപ്പെടുത്തൽ ലക്ഷ്യമിട്ടുള്ള 73/18,101/18 എന്നീ പ്രോജക്ടുകൾ നടപ്പാക്കിയില്ല.

സ്റ്റാറ്റസ് റിപ്പോർട്ടിൽ സൂചിപ്പിച്ച പ്രശ്നങ്ങൾ മനസ്സിലാക്കി പ്രൊജക്ടുകൾ തയ്യാറാക്കുക, പ്രൊജക്ടുകളുടെ നിർവഹണത്തിൽ വിവിധ മുൻഗണനകൾ പാലിക്കുക, നിർവഹണം വിലയിരുത്തി പോരായ്മകൾ പരിഹരിക്കുക, പദ്ധതി രൂപീകരണവേളയിൽ നവമാധ്യമങ്ങളുടെ സാദ്ധ്യത പ്രയോജനപ്പെടുത്തുക, ഗ്രാമസഭ, വികസന സെമിനാർ എന്നിവക്ക് വേണ്ട അക്കാദമിക് സഹായം നൽകുക, ഓരോ പ്രൊജക്ടിന്റെയും യുക്തി, ക്ഷമത, പ്രായോഗികത, നിയമസാദ്ധ്യത, വിജയസാദ്ധ്യത, എന്നിവ പരിശോധിക്കുക ഇവയെല്ലാമാണ് വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതല. പൊതുവെ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം നിർജ്ജീവമായിരുന്നു. വർക്കിംഗ് ഗ്രൂപ്പുകൾ പലതും തൻവർഷം യോഗം ചേർന്നിട്ടില്ല. ആവർത്തിച്ചു ചെയ്യുന്ന പ്രോജക്ടുകൾ വീണ്ടും തുടരാൻ നിർദ്ദേശിക്കുക മാത്രമാണ് ചെയ്തത്. പ്രാദേശിക സാമ്പത്തിക വികസനവും, സാമൂഹ്യസുരക്ഷയും അടിസ്ഥാന സൗകര്യവികസനവും മുൻനിർത്തി നൂതനങ്ങളായ പദ്ധതി നിർദ്ദേശങ്ങൾ തയ്യാറാക്കാൻ വർക്കിംഗ് ഗ്രൂപ്പുകൾക്ക് കഴിഞ്ഞില്ല. കൂടാതെ ഏറ്റവും സുപ്രധാന ഘടകമായ മോണിറ്ററിംഗ് ഒരൊറ്റ പ്രൊജക്ടിൽ പോലും നടത്തിയില്ല എന്ന് കാണുന്നു.

മേൽ ഘടകങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ വേണ്ടനടപടികൾ സ്വീകരിക്കാൻ നിർദ്ദേശിക്കുന്നു.

## 3-14 അസി.സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ -അപാകതകൾ

2017-18 വർഷം 16 പ്രോജക്ടുകൾ അസി.സെക്രട്ടറി നിർവ്വഹണം നടത്തിയിട്ടുണ്ട്. നിർവ്വഹണം/രജിസ്റ്റർ പരിപാലനം/മറ്റു രേഖകളുടെ സൂക്ഷിപ്പ് എന്നിവയിൽ അപാകതകൾ ഉണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

1. വ്യക്തിഗത ആനുകൂല്യം നൽകുന്നതിന് ഗുണഭോക്താക്കളിൽ നിന്നും ഫോട്ടോ പതിച്ച അപേക്ഷ സ്വീകരിച്ചിട്ടില്ല.

2. ആനുകൂല്യം ലഭിക്കുന്നതിന് ഗുണഭോക്താക്കളുടെ ഏകീകൃത ലിസ്റ്റ് ഇല്ല.

3. രേഖകൾക്കൊപ്പം സമർപ്പിക്കേണ്ടതായ പ്രധാന രേഖയായ റേഷൻ കാർഡ് പകർപ്പ് ഇല്ലാതെ ആനുകൂല്യം നൽകിയിട്ടുണ്ട്.

4. പ്രോജക്ട്നം. 35/17-18 പ്രകാരം പട്ടികജാതി -വീട് വയറിംഗ് പ്രോജക്ടിൽ KSEB യിൽ തുക അടച്ചതിന്റെ ഡിഡി പകർപ്പ് ഗുണഭോക്താവിൽ നിന്നും വാങ്ങിയിട്ടില്ല.

5. സ.ഉ.(കൈ)നം.11/2018 ത.സ്വ.ഭ.വ. തീയതി 29-01-2018 - പദ്ധതി മാർഗ്ഗരേഖയിലെ ഖണ്ഡിക 3-5-1-(III) പ്രാകാരം ഗ്രാമപഞ്ചായത്തുകളിലെ പട്ടികജാതി ഉപ പദ്ധതി (SCP),പട്ടികവർഗ്ഗ ഉപപദ്ധതി (TSP) എന്നിവയിലെ ഭവന നിർമ്മാണം, വീട് പുനരുദ്ധാരണം, ഭവന നിർമ്മാണത്തിന് സ്ഥലം വാങ്ങൽ, ശുചിത്വ പ്രോജക്ടുകൾ എന്നീ പ്രോജക്ടുകളിലെ നിർവ്വഹണ ഉദ്യോഗസ്ഥൻ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ആയിരിക്കുന്നതാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. കാർഷിക മേഖലാ പ്രോജക്ടുകൾ കൃഷി ഓഫീസറും, മൃഗ സംരക്ഷണ പ്രോജക്ടുകൾ വെറ്റിനറി സർജനും, വിദ്യാഭ്യാസ പ്രോജക്ടുകൾ ഹെഡ്മാസ്റ്ററും, ആരോഗ്യ പ്രോജക്ടുകൾ ഡോക്ടർമാരും നിർവ്വഹണം നടത്തണം. ഇവ ഒഴികെയുള്ളവ TSP/SCP എന്നീ പ്രോജക്ടുകളുടെ നിർവ്വഹണം അസി.സെക്രട്ടറി ആയിരിക്കുന്നതാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വേങ്ങൂർ ഗ്രാമ പഞ്ചായത്തിൽ അസി.സെക്രട്ടറി ഭവന പുനരുദ്ധാരണം, വീട് വയറിംഗ് തുടങ്ങിയ പ്രോജക്ടുകൾ നിർവ്വഹണം നടത്തിയിട്ടുണ്ട്. (പ്രോജക്ട് നം. 33,37,38). വേങ്ങൂർ ഗ്രാമ പഞ്ചായത്തിൽ 2 വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർ ഉണ്ടെന്നിരിക്കെയാണ് അസി.സെക്രട്ടറി പ്രോജക്ട് നിർവ്വഹണം നടത്തിയത്. മേൽ വിവരിച്ചവയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 18ന് ലഭ്യമാക്കിയ മറുപടിയിൽ ഓഡിറ്റ് ചൂണ്ടികാണിച്ച അപാകതകൾ ഭാവിയിൽ ആവർത്തിക്കാതെ ശ്രദ്ധിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പ്രോജക്ട് ഏറ്റെടുത്ത് നിർവ്വഹണം നടത്തുമ്പോൾ മാർഗ്ഗരേഖ പാലിക്കാൻ പ്രത്യേക ശ്രദ്ധ പുലർത്തേണ്ടതാണ്.

## 3-15 കുടുംബശ്രീകൾക്ക് റിവോൾവിംഗ് ഫണ്ട് - മാർഗ്ഗരേഖക്ക് വിരുദ്ധം

2017-18 വർഷം കുടുംബശ്രീകൾക്ക് റിവോൾവിംഗ് ഫണ്ട് പദ്ധതി നിർവ്വഹണം നടത്തിയതിൽ അപാകതയുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം. | S059/2017-18(Spil Over) |
| പ്രോജക്ട് പേര് | കുടുംബശ്രീകൾക്ക് റിവോൾവിംഗ് ഫണ്ട് |
| നിർവ്വഹണം | അസി.സെക്രട്ടറി |
| അടങ്കൽ | 500000(400000- ബാങ്ക് ലോൺ+100000 പ്ലാൻ ഫണ്ട്) |
| ചെലവ് | 60000/- |
| ബിൽ നം. | 59/17-18 26-10-2017 |

1. 2017-18 വർഷം 6 കുടുംബശ്രീ യൂണിറ്റുകൾക്ക് റിവോൾവിംഗ് ഫണ്ട് ആയി 10000/- രൂപ വീതം 60000/- രൂപ നൽകിയിട്ടുണ്ട്. ഓരോ കുടുംബശ്രീ യൂണിറ്റുകളുടേയും ബാങ്ക് അക്കൗണ്ടിലേക്കാണ് തുക നിർവ്വഹണ ഉദ്യോഗസ്ഥനായ അസി.സെക്രട്ടറി കൈമാറിയിരിക്കുന്നത്. തുക ലഭിച്ച കുടുംബശ്രീ യൂണിറ്റുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | കുടുംബശ്രീയുടെ പേര് | തുക | ബാങ്ക് അക്കൗണ്ട് വിവരം |
|---|---|---|---|
| 1 | കൃപാ കുടുംബശ്രീ. | 10000 | 074301001041 |
| 2 | നന്ദന കുടുംബശ്രീ. | 10000 | 074301001055 |
| 3 | ജയശ്രീ കുടുംബശ്രീ. | 10000 | 10620100142903 |
| 4 | പ്രതീക്ഷ കുടുംബശ്രീ. | 10000 | 10620100140808 |
| 5 | സൗഭാഗ്യ കുടുംബശ്രീ | 10000 | 12920100109730 |
| 6 | ആശ്രിത കുടുംബശ്രീ. | 10000 | 12920100050413 |
| | ആകെ | 60000 | |

1. കുടുബശ്രീ യൂണിറ്റുകളുടെ പാസ്സ് ബുക്ക് പരിശോധിച്ചതിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ കൈമാറിയ തുകകൾ പാസ്സ് ബുക്കിൽ രേഖപ്പെടുത്തി കാണുന്നില്ല. പ്ലാൻ ഫണ്ട് സബ്സിഡിയോടൊപ്പം ബാങ്ക് ഓരോ കുടുംബശ്രീ യൂണിറ്റുകൾക്കും ലോൺ നൽകുന്നുണ്ട്. എന്നാൽ ലോൺ ലഭിച്ചതിന്റെ വിവരങ്ങൾ പാസ് ബുക്കിൽ ഇല്ല.

2.റിവോൾവിംഗ് ഫണ്ട് കൈപ്പറ്റിയ കുടുംബശ്രീ യൂണിറ്റുകളിൽ 5 ഗ്രൂപ്പുകൾ സംരംഭങ്ങൾ ഒന്നും നടത്തുന്നില്ല.

3.പദ്ധതി മാർഗ്ഗരേഖയുടെ ഖണ്ഡിക 6 ൽ റിവോൾവിംഗ് ഫണ്ട് സംബന്ധിച്ച വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ ഉണ്ട്. സംരംഭകത്വ വികസനത്തിനായി തദ്ദേശസ്ഥാപനം പ്രോജക്ടിലൂടെ തുക റിവോൾവിംഗ് ഫണ്ടിലേക്ക് വകയിരുത്തുന്നതാണ്. റിവോൾവിംഗ് ഫണ്ട് ഗുണഭോക്താവിനുള്ള ധനസഹായമല്ല. താത്ക്കാലികമായ പലിശരഹിത പ്രോത്സാഹനം മാത്രമാണ്. പൊതു ധനകാര്യ സ്ഥാപനത്തിൽ നിന്നുള്ള വായ്പകൂടി ഉപയോഗപ്പെടുത്തി കൃഷി, മൃഗ സംരക്ഷണം, ക്ഷീര വികസനം, ചെറുകിട വ്യവസായം, മത്സ്യ സംസ്കരണം എന്നീ മേഖലകളിൽ സംരംഭം തുടങ്ങാൻ താത്പര്യമുള്ള ഗ്രൂപ്പുകൾക്കാണ് റിവോൾവിംഗ് ഫണ്ട് നൽകുന്നത്. എന്നാൽ മേൽ വിവരിച്ച കാര്യങ്ങൾ ഒന്നും തന്നെ വേങ്ങൂർ ഗ്രാമപഞ്ചായത്തിൽ റിവോൾവിംഗ് ഫണ്ട് നൽകിയ കുടുംബശ്രീ ഗ്രൂപ്പുകൾ അനുവർത്തിക്കുന്നില്ല എന്ന് കണ്ടു.

4. പദ്ധതി മാർഗ്ഗരേഖയുടെ ഖണ്ഡിക 6-8 പ്രകാരം റിവോൾവിംഗ് ഫണ്ട് സംബന്ധിച്ച ഒരു രജിസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥൻ സൂക്ഷിക്കേണ്ടതും അതിൽ ഓരോ സംരംഭകർക്കും ഓരോ ഫോളിയോ നൽകി റിവോൾവിംഗ് ഫണ്ട് തവണ ഇടപാടുകളും ബാങ്ക് വായ്പ, കാലാവധി, പലിശനിരക്ക് എന്നിവയും രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. നിർവ്വഹണ ഉദ്യോഗസ്ഥനായ അസി.സെക്രട്ടറി ഇപ്രകാരം മോണിട്ടറിംഗ് നടത്തിയിട്ടില്ല.

മേൽ വിവരിച്ചവയ്ക്കുള്ള വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 14 ന് ലഭ്യമാക്കിയ മറുപടിയിൽ രേഖകൾ കൃത്യമാക്കുന്നതിനും അപാകതകൾ പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. റിവോൾവിംഗ് ഫണ്ട് ലഭിച്ച ഗ്രൂപ്പുകൾ സംരംഭങ്ങൾ നടത്തുന്നത് സംബന്ധിച്ച് സ്ഥല പരിശോധനയടക്കമുള്ള മാർഗങ്ങൾ നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|---|
| ബ്ലോക്ക്പഞ്ചായത്ത് | 2017-18 | 4,00,000 | ശാരിരീക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 4,00,000 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2017-18 | 3,50,700 | ക്ഷീര സംഘങ്ങൾ മുഖേന വിതരണം ചെയ്യുന്ന പാൽ സംബന്ധിച്ച | 3,50,700 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2017-18 | 2,10,000 | എസ് സി വിദ്യാർത്ഥികൾക്ക് പഠനമുറി | 2,10,000 | 0 |
| ജില്ലാപഞ്ചായത്ത് | 2017-18 | 6,80,000 | നെൽകൃഷി വികസനം | 6,80,000 | ഇല്ല |
| | 2017-18 | 4,00,000 | ശാരിരീക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 4,00,000 | ഇല്ല |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| പ്രൊജക്റ്റ് | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവ ഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| 43/18 | KSEB | നിലവിലുള്ള ലൈനിൽ ലൈൻ വലിക്കൽ | 5,06,508 | 5,06,508 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല |
| 127/18 | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ മലയാറ്റൂർ | പൊതു വൈദ്യുതി കമ്പി വേലി സ്ഥാപിക്കൽ | 1031074 | 1031074 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല- |
| 74/18 | അങ്കണവാടി മെയിന്റനൻസ് | പൊതുമരാമത്ത് വകുപ്പ് | 440000 | 440000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല- |
| 101/18 | വിവിധ അങ്കണവാടികളുടെ മെയിന്റനൻസ് | പൊതുമരാമത്ത് വകുപ്പ് | 400000 | 400000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല- |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഈയിനത്തിൽ തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ തിരിച്ചടവിന്റെ വിവരം

(i) വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം.

ഇല്ല

(ii) വായ്പ തിരിച്ചടവിന്റെ വിവരം.

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം. /തീയതി | വായ്പ തുക | തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | EMS ഭവന വായ്പ | 952/10 ത.സ്വ.ഭ.വ തീ.19-3-10 | 1,10,80,000 | 36,70,636 | 12,35,222 | - | 24,35,414 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ ഉദ്യോഗപ്പേര് | രശീതി നം./ തീയ്യതി |
|---|---|---|---|---|
| 2013-14 | 3-8 | 4,800 | മുരളീധരൻ | 11605103329 dtd25/2/2017 |
| 2014-15 | 4-1/5 | 14,075 | മേരി ജോയി, കൺവീനർ വനിത വ്യവസായ കേന്ദ്രം | ചെക്ക് നം 493433 dtd 21-4-17 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ചാർജ്ജ് -സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം-

(എ) സംക്ഷിപ്ത വിവരം.

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 95249592 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 95685646 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |

| | |
|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 70000 |

**(ബി)** പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിൻെറ വിവരം
ഇല്ല

.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 70000 | മുകൾ എസ്.വി, വി.ഇ.ഒ കൊമ്പനാട് |

**(സി)** കേന്ദ്ര / സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ. നഷ്ടത്തിൻെറ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-11 | 1426 | എൻ എം മോഹനൻ, സെക്രട്ടറി |

**(ഡി)** നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ
ഇല്ല

**(ഇ)** റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരംമേൽവിലാസം |
|---|---|---|
| മുകൾ എസ്.വി, വി.ഇ.ഒ കൊമ്പനാട് | വി.ഇ.ഒ കൊമ്പനാട് | ഇലവുംകുടി വീട് വെങ്ങോല പി.ഒ |
| ശ്രീ.എൻ.എം.മോഹനൻ സെക്രട്ടറി | സെക്രട്ടറി വേങ്ങൂർ | നിരപ്പേൽ,തെക്കുംഭാഗം,തൃപ്പൂണിത്തുറ |

# **4-10** തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 to 2004-05 | കെ.എസ്.എ.ഇ.കെ.എം.(പി2)787/15/ തീ.22.9.15 | 95 |
| 2005-06 | എൽ എഫ് ഇ (പി2)1338/10 തീ.19.12.11 | 11 |
| 2006-07 | എൽ എഫ് ഇ (പി2)1339/10 തീ.19.12.11 | 10 |
| 2007-08 to 2010-11 | എൽ എഫ് ഇ (പി2)1612/12 തീ.1.9.12 | 11 |
| 2011-12 to 2012-13 | എൽ എഫ് ഇ (പി2)602/15 തീ.08.06.15 | 14 |
| 2013-14 & | കെ.എസ്.എ.ഇ.കെ.എം.(പി2)981/16/ | - |

| | | |
|---|---|---|
| 2014-15 | തീ.27.6.16 | |
| 2015-16 | കെ.എസ്.എ.ഇ.കെ.എം.(പി2)2243/16/ തീ.31.01.2017 | - |
| 2016-17 | കെ.എസ്.എ.ഇ.കെ.എം.(പി2)1781/17/ തീ.21-10-17 | |

അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം

.

## അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം. കെ.എസ്.എ-ഇ.കെ.എം.(പി2)161/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് ഓഫീസ്, എറണാകുളം
ഇ-മെയിൽ : doekm.ksad@kerala.gov.in
തീയതി – 15/03/2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 – ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ) 1413/2018/തസ്വഭവ നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും, എറണാകുളം ജില്ലയിലെ വേങ്ങൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ വേങ്ങൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യപത്രിക വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന്

ഞാൻ സാക്ഷ്യപ്പെടുത്തുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

.

ഡെപ്യൂട്ടി ഡയറക്ടർ

**2017-18** സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽകണ്ടെത്തിയ അപാകതകൾ

1. വസ്തുനികുതി സംബന്ധിച്ച വാർഷിക ധനകാര്യപത്രികയിലെ കണക്കുകൾ സഞ്ചയപ്രകാരമുള്ള കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.
2. ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ പൂർണ്ണമായും അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.
3. പഞ്ചായത്ത് നൽകിയിട്ടുള്ളതും, 3 മാസത്തിലധികമായി എൻക്യാഷ് ചെയ്യാത്തതുമായ ചെക്കുകളെ കാലാവധി കഴിഞ്ഞ ചെക്കുകൾ ‘ Liability in respect of Stale Cheques’ എന്ന ഹെഡ്ഡിലേക്ക് മാറ്റിയിട്ടില്ല.
4. പഞ്ചായത്തിൽ അഡ്വാൻസ്/ഡെപ്പോസിറ്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

.

ഡെപ്യൂട്ടി ഡയറക്ടർ
സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം ജില്ലാ ഓഡിറ്റ്